# മാലിന്യ സംസ്കരണത്തെക്കുറിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

1. ദൈവം സൃഷ്ടിച്ച പ്രപഞ്ചം സുന്ദരമാണ്. അതിനെ കൂടുതൽ സുന്ദരമാക്കി സൂക്ഷിക്കാൻ മനുഷ്യന് ഉത്തരവാദിത്വമുണ്ട്. ഈ ഉത്തരവാദിത്വം ദൈവവിശ്വാസത്തിന്റെ ഭാഗമായി കാണേണ്ടിയിരിക്കുന്നു. കേരള കത്തോലിക്കാമെത്രാന്മാരായ ഞങ്ങൾ 'പച്ചയായ പുല്ത്തകിടിയിലേക്ക്' എന്ന പരിസ്ഥിതി നയരേഖയും പ്രവർത്തനപദ്ധ തിയും പ്രസിദ്ധീകരിച്ച് അതിന് ആഹ്വാനം ചെയ്തിട്ടുണ്ട്. ഈ കർമപദ്ധതിയിൽ മാലിന്യ സംസ്കരണത്തെക്കുറിച്ചുള്ള വ്യക്തമായ നിർദേശങ്ങളും മുന്നോട്ടു വച്ചിട്ടുണ്ട്.
2. ദൈവം സൃഷ്ടിച്ച പ്രപഞ്ചം അതിനാൽത്തന്നെ നല്ലതാണ് (ഉത്പ 1:31). മനോഹരമായ പ്രപഞ്ചത്തിന്റെ സംരക്ഷണച്ചുമതല ദൈവം മനുഷ്യനെയാണ് ഏല്പിച്ചത് (ഉത്പ 1:28). ദൈവത്തോടുള്ള ബന്ധമാണ് മനുഷ്യന് സഹജീവികളായ മറ്റു മനുഷ്യരോടും പരിസ്ഥിതിയോടുമുള്ള ബന്ധം നിശ്ചയിക്കുന്നത് (CSDC 464). പ്രപഞ്ചത്തിന്റെ സംരക്ഷകനായ മനുഷ്യന് മലിനീകരണത്തിന്റെ കാരണങ്ങൾ ഒഴിവാക്കാൻ സാധിക്കും. ശുചിത്വത്തിനും ആരോഗ്യത്തിനും പര്യാപ്തമായ അവസ്ഥകൾ സൃഷ്ടിക്കാനും കഴിയും (CSDC 465). സൃഷ്ടപ്രപഞ്ചത്തോട് സമഗ്രമായ ആദരവുണ്ടാകണം (CCC 2415). ഈ ആദരവിൽ നിന്ന് ഉരുത്തിരിയുന്നതാണ് ശുചിത്വബോധവും മാലിന്യസംസ്കരണവും. മാലിന്യപ്രശ്നങ്ങൾ ദരിദ്രരായ ജനങ്ങളെയാണ് ഏറ്റവും കൂടുതൽ ബാധിക്കുന്നത്. അസംഖ്യം ദരിദ്രർ നഗരങ്ങളിലെ മലിനീകൃത ചേരികളിൽ ജീവിക്കുന്നു (CSDC 482).
3. കേരളത്തിൽ മാലിന്യപ്രശ്നം ആരോഗ്യപരവും സാമൂഹികവുമായ അടിയന്തരപ്രശ്നമായി മാറുകയാണ്. 2012 ജൂൺ മാസത്തിൽ കൂടിയ ഞങ്ങളുടെ സമ്മേളനത്തിൽ നമ്മുടെ നാട്ടിൽ സങ്കീർണമായിക്കൊണ്ടിരിക്കുന്ന മാലിന്യപ്രശ്നത്തെക്കുറിച്ച് വിശദമായി ചർച്ച ചെയ്തിരുന്നു. മാലിന്യപ്രശ്നത്തിൽ സർക്കാരിനെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെയും കുറ്റംപറഞ്ഞ്





മാറിനില്ക്കാൻ ആർക്കും സാധിക്കില്ല. മാലിന്യപ്രശ്നം നമ്മുടെ ഓരോരുത്തരുടെയും പ്രശ്നമായിക്കണ്ട് പരിഹാരം തേടണം.

4. കേരളത്തിൽ ഇന്ന് വൻനഗരങ്ങളിൽ മാത്രമല്ല, ഗ്രാമപ്രദേശങ്ങളിലും മലിനീകരണം ജനങ്ങളുടെ സ്വൈരജീവിതത്തിനും ആരോഗ്യത്തിനും കടുത്ത ഭീഷണിയായിട്ടുണ്ട്. ഈ സാഹചര്യത്തിൽ മാലിന്യപ്രശ്നത്തിന് അർഹിക്കുന്ന പ്രാധാന്യം നല്കിയേ മതിയാകൂ. പൊതുസ്ഥലങ്ങളിൽ കുമിഞ്ഞുകൂടുന്ന മാലിന്യവും മലിനമായ ജലസ്രോതസ്സുകളും ഭീകരമായ ആരോഗ്യപ്രശ്നങ്ങൾക്ക് വഴിതെളിക്കുന്നു. മാലിന്യനിർമാർജനത്തിന് വേണ്ടത്ര പരിഗണന ലഭിക്കാത്തതുകൊണ്ട് പലയിടത്തും ജനങ്ങൾ പ്രക്ഷോഭത്തിനുതന്നെ നിർബന്ധിതരാകുന്നു. രോഗങ്ങൾ പെരുകുമ്പോഴോ പ്രതിഷേധം രൂക്ഷമാകുമ്പോഴോ താത്കാലിക നടപടികൾ സ്വീകരിച്ച് പ്രശ്നപരിഹാരം കാണുന്ന രീതിയാണ് സർക്കാർ അവലംബിക്കുന്നത്. ഈ പ്രശ്നം ദീർഘവീക്ഷണത്തോടെ പരിഹരിക്കുകയാണു വേണ്ടത്.
5. മാലിന്യപ്രശ്നം ഒരു സംസ്കാരികപ്രശ്നമാണ്. സൗന്ദര്യത്തിന്റെയും വൃത്തിയുടെയും സംസ്കാരം ഉൾ ക്കൊള്ളാൻ നമുക്കു സാധിക്കുന്നില്ല എന്നതിന് ഉദാഹരണമാണ് നാം നേരിടുന്ന മാലിന്യപ്രശ്നം. നമ്മുടെ പലരുടെയും ശുചിത്വബോധം ശരീരത്തിലും വസ്ത്രത്തിലും വീട്ടിനുള്ളിലും ഒതുങ്ങിനില്ക്കുന്നു. സ്വന്തം ഭവനങ്ങളോടുചേർന്നുള്ള പറമ്പുകൾ വൃത്തിയായി സൂക്ഷിക്കാൻ പലർക്കും സാധിക്കുന്നില്ല. പൊതുശുചിത്വത്തിന്റെ കാര്യത്തിൽ അല്പംപോലും നിഷ്കർഷയില്ലാത്തവരാണ് നമ്മിൽ പലരും. ഈ ദുശ്ശീലം മാറ്റിയെടുക്കാനുള്ള ശ്രമങ്ങളാണ് നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടത്. നമ്മുടെ വീടുകളിൽ സൃഷ്ടിക്കപ്പെടുന്ന മാലിന്യം അവിടെത്തന്നെ സംസ്കരിക്കാനിടയാ കണം. വീടുകളിലെ മാലിന്യസംസ്കരണത്തിന് ആധുനികമായ പല സാങ്കേതികവിദ്യകളും ലഭ്യമാണ്. ഇടവകകളുടെ നേതൃത്വത്തിലും നമ്മുടെ സോഷ്യൽ സർവീസ് ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്തിലും മാലിന്യങ്ങൾ ഉറവിടങ്ങളിൽത്തന്നെ സംസ്കരിക്കുന്ന രീതി നമ്മുടെ ഭവനങ്ങളിൽ ഉണ്ടാവുകയാണു വേണ്ടത്.
6. ഭവനങ്ങൾ പോലെ സുപ്രധാനങ്ങളാണ് നമ്മുടെ ഇടവകകൾ, ആശ്ര

മങ്ങൾ, കോൺവെന്റുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ മുതലായവയും. ഇവിടങ്ങളിലും സൃഷ്ടിക്കപ്പെടുന്ന മാലിന്യങ്ങൾ ഉറവിടങ്ങളിൽത്തന്നെ സംസ്കരിച്ചുകൊണ്ട് കേരളത്തിന് കത്തോലിക്കർ പുതിയൊരുമാതൃക കാണിച്ചുകൊടുക്കണം. നമ്മുടെ സ്ഥാപനങ്ങളുടെ കാമ്പസുകൾ മനോഹരമായി നാം സൂക്ഷിക്കണം. ദൈവാലയങ്ങളുടെയും സ്ഥാപനങ്ങളുടെയും മുൻവശങ്ങൾ ലാന്റ്സ്കേപ്പിങ്ങ് നടത്തി പൂന്തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കപ്പെടണം. സഭയുടെ കീഴിലുള്ള സ്ഥലങ്ങൾ തരിശുഭൂമികളായും കാടുംപടലും പിടിച്ചും കിടക്കുന്ന അവസ്ഥയും ഉണ്ടാകരുത്. ഭൂമി കൃഷിയോഗ്യമാക്കി മാറ്റണം. ജൈവ കൃഷി നടപ്പിലാക്കണം. ഇതുവഴി ഭൂമിയെ കൂടുതൽ ആരോഗ്യകരമായി സൂക്ഷിക്കാൻ സാധിക്കുമെന്നു മാത്രമല്ല മാലിന്യം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാനും സാധിക്കും.

7. നമ്മുടെ ഭവനങ്ങളുടെയും സ്ഥാപനങ്ങളുടെയും മുൻവശമുള്ള പൊതുനിരത്തുകൾ വൃത്തിയായി സൂക്ഷിക്കാനും നാം പരിശ്രമിക്കേണ്ടതുണ്ട്. എല്ലാ ദിവസവും വീടിന്റെമുറ്റം അടിച്ചുവാരി വൃത്തിയാക്കുന്നവരാണ് നമ്മിൽ പലരും. ആഴ്ചയിലൊരിക്കലെങ്കിലും നമ്മുടെ ഭവനങ്ങളുടെയും സ്ഥാപനങ്ങളുടെയും മുന്നിലുള്ള റോഡുകൾ വൃത്തിയാക്കാൻ കഴിഞ്ഞാൽ അത് സമൂഹത്തിനു ചെയ്യുന്ന വലിയ സേവന മായിരിക്കും. നമ്മിൽ ഓരോരുത്തരിലുമുള്ള ശുചിത്വത്തിന്റെയും വൃത്തിയുടെയും സംസ്കാരം പൊതുനിരത്തിലേക്കും വ്യാപിപ്പിക്കാൻ അങ്ങനെ നമുക്കു കഴിയും. ഇടവകകളുടെയും സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ പൊതുനിരത്തുകൾ വൃത്തിയായിസൂക്ഷിക്കാനുള്ള പരിശ്രമങ്ങൾ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

8. മാലിന്യനിർമാർജനം, സംസ്കരണം തുടങ്ങിയവയുടെ പുരോഗതി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ചുമതലബോധത്തെ ആശ്രയിച്ചിരിക്കുന്നു. വിദേശരാജ്യങ്ങളിൽ മാലിന്യങ്ങൾ സാമ്പത്തികവരുമാനത്തിന്റെ ഉറവിടമാണ്. പല വികസിതരാജ്യങ്ങളിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മാലിന്യത്തിൽ നിന്ന് വളവും വൈദ്യുതിയും ഉദ്പാദിപ്പിച്ച് വലിയവരുമാനമാണു നേടുന്നത്. നമ്മുടെ രാജ്യത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രധാന





ഉത്തരവാദിത്വമാണ് അതതുപ്രദേശങ്ങളിലെ മാലിന്യസംസ്കരണവും പരിസരശുചിത്വവും ഉറപ്പുവരുത്തുക എന്നത്. ഇച്ഛാശക്തിയുള്ള ഭരണകൂടമുണ്ടെങ്കിൽ മാത്രമേ ഇത് സാധ്യമാകൂ. കേരളത്തിലെ പല തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും മാലിന്യനിർമാർജനത്തിന് മാതൃകാപരമായ പദ്ധതികൾ മുന്നോട്ടുവച്ചിട്ടുള്ളത് പ്രശംസാർ ഹമാണ്. എങ്കിലും ഭൂരിഭാഗം സ്ഥലങ്ങളിലും അത് സങ്കീർണപ്രശ്നമായി നിലനില്ക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ ഉത്തരവാദിത്വമില്ലായ്മയും ഉദ്യോഗസ്ഥരിലും ഭരണമേഖലയിലും നിലനില്ക്കുന്ന അഴിമതിയും കെടുകാര്യസ്ഥതയുമാണ് മാലിന്യപ്രശ്നം സങ്കീർണമാക്കുന്നത്. നഗരവാസികളുടെ മാലിന്യങ്ങൾ ഗ്രാമങ്ങളിൽ നിക്ഷേപിക്കുന്നത് അംഗീകരിക്കാനാവില്ല. സാധാരണക്കാരും പാവപ്പെട്ടവരും വസിക്കുന്ന ഗ്രാമപ്രദേശങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് ഗ്രാമീണജനതയോടു ചെയ്യുന്ന അനീതിയും ഒപ്പം സമൂഹദ്രോഹവുമാണ്.

9. മാലിന്യങ്ങൾ പൊതുനിരത്തിൽ മാത്രമല്ല നദികളിലേക്കും കായലുകളിലേക്കും തടാകങ്ങളിലേക്കും വലിച്ചെറിയുന്നതും ഗൗരവപൂർണമായ തിന്മയാണ്. ശുദ്ധജലം ജീവന്റെ നിലനില്പിനു തന്നെ അത്യാവശ്യമാണ്. അതുകൊണ്ട്, ശുദ്ധമായകുടിവെള്ളത്തിനുള്ള അവകാശം സാർവത്രികവും അന്യാധീനപ്പെടുത്താൻ ആവാത്തതുമാണ് (CSDC 485). കേരളത്തിലെ എല്ലാ നദികളും ശുദ്ധജലതടാകങ്ങളും മലിനമായിരിക്കുന്നു വെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. രോഗാണുമുക്തമായ കുടിവെള്ളം പോലും കിട്ടാത്ത സ്ഥിതിയാണ് കേരളത്തിലുള്ളത്. നമ്മുടെ ശുദ്ധജലസ്രോതസ്സുകൾ മലിനമായിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദികൾ നാം തന്നെയാണ്. കേരളത്തിലെവിടെയും വീടുകളും മറ്റു കെട്ടിടങ്ങളും വർധിക്കുകയാണ്. ഫ്ളാറ്റ് സമുച്ചയങ്ങൾ ഗ്രാമങ്ങളിൽപ്പോലും ഉയർന്നുകൊണ്ടിരിക്കുന്നു. പുഴകൾക്കും ജലാശയങ്ങൾക്കും സമീപമാണ് പലയിടത്തും ഫ്ളാറ്റുകൾ നിർമിച്ചുകൊണ്ടിരിക്കുന്നത്. അവിടെ അല്പം പോലും സ്ഥലമില്ലാത്തിടത്തുതാമസിക്കുന്ന പലരും മാലിന്യനിർമാർജനം നടത്തുന്നത് ജലാശയങ്ങളിലേക്കാണ്. ദാഹജലത്തിനായി ഉപയോഗിക്കുന്ന നദികളിലേക്കും തടാകങ്ങളിലേക്കും മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് സഹോദരങ്ങളോടും സമൂഹത്തോടുംചെയ്യുന്ന അപരാധവും തിന്മയുമാണ്. ക്രൈസ്തവവിശ്വാസമനുസരിച്ച് ഇത് ദൈവത്തിനെതിരായ പ്രവൃത്തിയായി

കാണണം. മലിനീകരണത്തിനിടയാക്കുന്നവർ, വ്യക്തികളായാലും അധികൃതരായാലും, വലിയ സമൂഹദ്രോഹമാണു ചെയ്യുന്നത്. അവർക്കെതിരേ നിയമനടപടികൾ ഉണ്ടാകണം.

10. നാം വസിക്കുന്ന പ്രദേശത്തെ ശുചിത്വപൂർണമാക്കാനുള്ള കർമപദ്ധതിയുടെ ഭാഗമായി ഇടവകകളുടെയും വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ ശുചിത്വസമിതികൾ രൂപീകരിക്കുന്നത് ഉചിതമായിരിക്കും. മാലിന്യങ്ങൾ ഉറവിടങ്ങളിൽത്തന്നെ സംസ്കരിക്കുന്നപദ്ധതികൾ വ്യാപകമാക്കാൻ ഈ സമിതികൾ പരിശ്രമിക്കുന്നതോടൊപ്പം മാലിന്യനിർമാർജനത്തെക്കുറിച്ച് ബോധവത്കരണപരിപാടികൾ സംഘടിപ്പിക്കാനും മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാനും ശ്രമിക്കണം. മാലിന്യസംസ്കരണത്തിന് ജനങ്ങളും സർക്കാരും കൂട്ടായി പ്രവർത്തിക്കാൻ ഇടയാക ണം. പൊതുജനസഹകരണത്തോടെയുള്ള വികേന്ദ്രീകൃതപദ്ധതികൾക്കും രൂപംനല്കണം. നമ്മുടെ ഇടവകകൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആശുപത്രികൾ, ആശ്രമങ്ങൾ, കോൺവെന്റുകൾ, അല്മായസംഘടനകൾ എന്നിവയുടെയെല്ലാം നേതൃത്വത്തിൽ മാലിന്യസംസ്കരണത്തിന്റെയും പൊതുശുചിത്വത്തിന്റെയും പുത്തൻരീതിയും സംസ്കാരവും വളർത്താൻശ്രമിച്ചാൽ അത് നാടിനു നാംചെയ്യുന്ന വലിയ സേവനമായിരിക്കും. ദൈവസൃഷ്ടിയായ (ഉത്പ 1:1-31) നമ്മുടെ പ്രപഞ്ചം സുന്ദരമായി പരിപാലിക്കാൻ നമുക്കു സാധിക്കട്ടെ. നമ്മുടെ നല്ലപരിശ്രമങ്ങളെയെല്ലാം സർവശക്തനായ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

കേരള കത്തോലിക്കാമെത്രാൻസമിതിക്കുവേണ്ടി

**ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത്**
പ്രസിഡന്റ്, കെസിബിസി

**ആർച്ചുബിഷപ് ഫ്രാൻസിസ് കല്ലറക്കൽ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ആർച്ചു ബിഷപ് തോമസ് മാർ കൂറിലോസ്**
സെക്രട്ടറി ജനറൽ, കെസിബിസി

NB: 2012 **ആഗസ്റ്റ് 26-ാം** തീയതി ഈ സർക്കുലർ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

**+ മാർ ജേക്കബ് മനത്തോടത്ത്**





# വിശ്വാസവർഷാചരണം

കേരളസഭ വിശ്വാസവർഷത്തിൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് 2012 ജൂൺ 5-ന് പി.ഒ.സി.യിൽ കൂടിയ മെത്രാന്മാരുടെയും രൂപതയിൽ നിന്നുള്ള വൈദികപ്രതിനിധികളുടെയും സന്ന്യാസസമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സിന്റെയും സമ്മേളനം മുന്നോട്ടു വയ്ക്കുന്ന നിർദ്ദേശങ്ങൾ:

1 വിശ്വാസവർഷാചരണം കേരളസഭയിൽ കാര്യക്ഷമമാകുന്നതിന് "വിശ്വാസത്തിന്റെ വാതിലി"ൽ *(Porta Fidei)* പരിശുദ്ധ പിതാവ് മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളും വിശ്വാസതിരുസംഘം പ്രസിദ്ധീകരിച്ച നാല്പതിന കർമ്മപരിപാടികളും രൂപതാ-ഇടവക തലങ്ങളിൽ നടപ്പിലാക്കാൻ പരിശ്രമിക്കണം. വിശ്വാസവർഷാചരണം കുടുംബകേന്ദ്രീകൃതമാകണം. കുടുംബപ്രാർത്ഥന ശക്തിപ്പെടുത്താനുള്ള അവസരമാക്കുകയും വേണം.

2 രണ്ടാം വത്തിക്കാൻ കൗൺസിൽ എത്രമാത്രം നമ്മുടെ സമൂഹത്തിൽ സ്വീകരിക്കപ്പെട്ടിരിക്കുന്നു വെന്നതിനെക്കുറിച്ച് പഠനം എല്ലാ തലങ്ങളിലും ആവശ്യമാണ്. അത് നമ്മുടെ യഥാർത്ഥസ്ഥിതി മനസ്സിലാക്കാൻ സഹായിക്കും. കൗൺസിൽ രേഖകളുടെ ശരിയായ വ്യാഖ്യാനം ഇക്കൊല്ലം ജനങ്ങളിൽ എത്തിക്കാൻ ഏവരും പരിശ്രമിക്കണം.

3 ഞായറാഴ്ചയാചരണം ഇടവക കേന്ദ്രീകൃതമായിരിക്കണം. ഇടവക ദൈവാലയത്തിന് പുറത്ത് ഞായറാഴ്ചയിൽ അർപ്പിക്കപ്പെടുന്ന ദിവ്യബലികൾ നിരുത്സാഹപ്പെടുത്തണം. ഇടവക കേന്ദ്രീകൃത അജപാലനത്തിന് തടസ്സമാകുന്ന ധ്യാനകേന്ദ്രങ്ങളുടെ പരിപാടികൾ പുനർവിചിന്തനം ചെയ്യണം. ഇടവകകൾ കേവലം കൂദാശകൾ പരികർമ്മം ചെയ്യുന്ന സ്ഥലങ്ങളും ഭരണനിർവഹണകേന്ദ്രങ്ങളുമായി പരിണമിച്ചിരിക്കുന്ന അവസ്ഥാവിശേഷം ഇന്നുണ്ട്. വിശ്വാസവർഷത്തിൽ ആധ്യാത്മികവളർച്ച ഇടവകയിലൂടെ എന്ന ലക്ഷ്യം മുന്നിൽ കാണണം. ദൈവവുമായുള്ള ഏറ്റവും സുവ്യക്തമായ സമാഗമം നടക്കുന്നത് കൂദാശകളിലൂടെയാണ്. കൂദാശാസ്വീകരണത്തെ കേന്ദ്രീകരിച്ചുള്ള ആധ്യാത്മികതയും വിശ്വാസജീവിതവും വളർത്തണം. ശരിയായ വിശ്വാസകൈമാറ്റം, ആരാധനാക്രമത്തിൽ ശരിയായ വിശ്വാസാഘോഷം, ശരിയായ വിശ്വാസജീവിതം എന്നതാവണം വിശ്വാസവർഷത്തിന്റെ ലക്ഷ്യം. വിശുദ്ധ കുർബാനയ്ക്കും കൂദാശകൾക്കും വിശ്വാസ ജീവിത ത്തിൽ ഏറ്റവും പ്രധാനപ്പെട്ട സ്ഥാനം നല്കണം. വിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായി ജീവിക്കാൻ സഹായിക്കുന്ന ധ്യാനങ്ങളും പരിശീലനപരിപാടികളും ഉണ്ടാകണം.

4 കൂട്ടായ്മാബോധത്തിൽ അജപാലനം ഇടവകതലത്തിൽ നടത്തുന്നതിന് എല്ലാ മാസവും ചെയ്യേണ്ട കാര്യങ്ങൾ വൈദികരും സന്ന്യസ്തരും അല്മായ പ്രതിനിധികളും ഒന്നിച്ചിരുന്ന് തീരുമാനിക്കുകയും അടുത്ത മാസം പ്രവർത്തനങ്ങൾ വസ്തുനിഷ്ഠമായി വിലയിരുത്തുകയും വേണം. സമർപ്പിതരും വൈദികരും അജപാലനപ്രവർത്തനങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കണം. ആളുകളുടെ ആവശ്യങ്ങൾ അറിഞ്ഞു ള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തു നടപ്പാക്കേണ്ടത്. വൈദികരും സിസ്റ്റേഴ്സും ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലണം.

5 വിശ്വാസവർഷത്തിൽ ജനങ്ങളുടെ മാനസാന്തരത്തിന് ഉതകുന്ന ഉത്തമമായ ആദ്ധ്യാത്മിക ശുശ്രൂഷകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സാധിക്കണം. നിരന്തരമായ മാനസാന്തരം ഏവർക്കും ആവശ്യമാണ്. ക്രിസ്തുവിലേക്കും അവിടത്തെ സഭയിലേക്കുമുള്ള മാനസാന്തരം അനിവാര്യമാണ്. സഭാത്മകജീവിതത്തിനു വേണ്ട പരിശീലനം എല്ലാവർക്കും നല്കാൻ സാധിക്കണം.

6 പരിശുദ്ധാത്മാവ് സഭയിൽ നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. വ്യക്തിപരമായ പ്രവർത്തനങ്ങളോടൊപ്പം സഭയിൽ പ്രവർത്തിക്കുന്ന സജീവനായ പരിശുദ്ധാത്മാവായ ദൈവത്തെക്കുറിച്ചുള്ള ബോധനം വിശ്വാസവർഷത്തിൽ നല്കാൻ സാധിക്കണം.

7 തീർത്ഥാടനകേന്ദ്രങ്ങളോടനുബന്ധിച്ചുള്ള അനുഷ്ഠാനങ്ങൾ ശരിയായ വിശ്വാസം ആഴപ്പെടുത്താൻ പോന്നതായിരിക്കണം. അബദ്ധധാരണയ്ക്കൊ അന്ധവിശ്വാസങ്ങൾക്കിടയാക്കുന്ന അനുഷ്ഠാനങ്ങൾക്കൊ പാരമ്പര്യങ്ങൾക്കൊ പ്രോത്സാഹനം കൊടുക്കരുത്.

8 സെക്ടുകളിലേക്കും സാത്താൻ സേവയിലേക്കും മറ്റു അന്ധവിശ്വാസങ്ങളിലേക്കും പോകാതെ നമ്മുടെ ജനങ്ങളെ യഥാർത്ഥവിശ്വാസത്തിൽ നിലനിറുത്താനും ആഴപ്പെടുത്താനുമുള്ള ശ്രമങ്ങൾ ഉണ്ടാകണം. പോയവരെ തിരിച്ചുകൊണ്ടുവരാനുള്ള ശ്രമം വിശ്വാസവർഷത്തിൽ നടത്തണം. ഇടവകസമൂഹത്തിന്റെ മുഴുവൻ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകണം.

9 ഫുൾടൈം പാരീഷ് മിനിസ്ട്രിയിൽ ചില സിസ്റ്റേഴ്സിനെയും അല്മായരെയും ഉൾപ്പെടുത്തണം. അതിനായി അവരെ പ്രത്യേകം സജ്ജമാക്കണം. ആവശ്യമുള്ളവർക്ക് സാമ്പത്തിക സഹായം നല്കണം. സിസ്റ്റേഴ്സ് വീടുകൾ സന്ദർശിച്ച് വേണ്ട സഹായം കുടുംബാംഗങ്ങൾക്ക് നല്കുന്നതിൽ ഉത്സുകരാകണം.

10 വിശ്വാസത്തെ തീർത്തും വ്യക്തിപരമായി മാത്രം കാണുന്നതും പൊതുരംഗത്ത് വിശ്വാസത്തിനു സാംഗത്യമില്ലെന്ന് കല്പിക്കുന്നതു





മായ രീതിയിലുള്ള സെക്കുലറിസം നമ്മുടെ നാട്ടിലും പ്രബലപ്പെടുന്നുണ്ട്. ജീവിതത്തിന്റെ എല്ലാ തലങ്ങളെയും രൂപപ്പെടുത്തേണ്ടതാണ് വിശ്വാസം. അതുകൊണ്ട് ഈ രീതിയിലുള്ള സെക്കുലറിസത്തെ ചെറുക്കാൻ വിശ്വാസവർഷത്തിൽ പരിശ്രമിക്കണം.

11 ക്രൈസ്തവജീവിതശൈലിയിൽ അനീതിക്കെതിരേയുള്ള പ്രവർത്തനങ്ങളും ഉണ്ടെന്ന് വിശ്വാസികളെ ബോധ്യപ്പെടുത്തണം. സമൂഹസുസ്ഥിതിക്കുവേണ്ടി നിലകൊള്ളണം. വിശ്വാസവും പ്രവൃത്തിയും ഒന്നിച്ചുപോകണം. ഗ്രാമസഭകൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ,ഗ്രന്ഥശാലാസംഘങ്ങൾ, സഹകരണസംഘങ്ങൾ, സഹകരണബാങ്കുകൾ, ത്രിതലപഞ്ചായത്തുകൾ എന്നിവയിൽ വിശ്വാസികൾ സജീവമായി പ്രവർത്തിക്കണം. നീതി, വികസനം, സമാധാനം എന്നിവ ലക്ഷ്യംവച്ചാണ് പ്രവർത്തിക്കേണ്ടത്. രാഷ്ട്രീയരംഗത്ത് ഗുണപരമായി ഇടപെടാനും പ്രവർത്തിക്കാനും ദൈവജനത്തെ പ്രാപ്തരാക്കുക ആവശ്യമാണ്.

12 അല്മായർ ചെയ്യുന്ന ഉപവിപ്രവൃത്തികൾക്ക് – മാനസികരോഗികളുടെ ശുശ്രൂഷ, അഗതികൾക്ക് അഭയമരുളൽ തുടങ്ങിയവ – പ്രോത്സാഹനം നല്കണം. സ്നേഹത്താൽ പ്രേരിതമായ വിശ്വാസമാണ് വേണ്ടത്.

13 പാർശ്വവത്കരിക്കപ്പെട്ടവർക്കും ദരിദ്രർക്കും പ്രത്യേക പരിഗണന സഭയിൽ ഉണ്ടാകണം. അവരുടെ ഉന്നമനം ലക്ഷ്യംവച്ച് പ്രവർത്തിക്കണം. ഓട്ടോ ഡ്രൈവർമാർ, അന്യസംസ്ഥാനങ്ങളിൽ നിന്നുള്ളതൊഴിലാളികൾ എന്നിവർക്ക് അജപാലനശുശ്രൂഷ ഉറപ്പാക്കാനുള്ള നടപടികൾ ഊർജ്ജിതമാക്കണം. ദളിത് ക്രൈസ്തവരുടെ സ്റ്റാറ്റസ് ഉയർത്താൻ പരിശ്രമിക്കണം.

14 സഭയുടെ പ്രവാചകദൗത്യം പരിപോഷിപ്പിക്കപ്പെടണം. ക്രൈസ്തവജീവിതസാക്ഷ്യം നിർവഹിക്കുന്നതിൽ അല്മായരെ ഒരുക്കണം.

15 യുവാക്കൾക്കും മുതിർന്നവർക്കും വിശ്വാസത്തിൽ തുടർപരിശീലനം ഉണ്ടാകണം. ബൈബിൾ, രണ്ടാം വത്തിക്കാൻ കൗൺസിൽ ഡിക്രികൾ, കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം എന്നിവ പഠനവിഷയമാകണം. കൗൺസിൽ ഡിക്രികളുടെ പുതിയ തർജ്ജമ ഉണ്ടാകണം. വിശ്വാസപരിശീലനം അനുഭവവേദ്യമാകണം.

16 സഭാപ്രബോധനങ്ങളുടെ തെറ്റായ വ്യാഖ്യാനങ്ങൾ തിരുത്തപ്പെടണം. സഭയുടെ പ്രബോധനങ്ങൾ കേവലം ഒരു അഭിപ്രായമായി ചിത്രീകരിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.ധാർമ്മിക ദൈവശാസ്ത്രത്തിലും മറ്റും ആപേക്ഷികതാവാദം കടന്നുകയറുന്നതിൽ ജാഗ്രത പാലിക്കാൻ സാധിക്കണം.

17 വിശ്വാസപരിശീലനത്തിന് ആധുനിക സാമൂഹിക സമ്പർക്കമാധ്യമങ്ങൾ ഉപയോഗിക്കണം. വിശ്വാസ കൈമാറ്റത്തിന് എല്ലാവരെയും പ്രാപ്തരാക്കണം. ശാലോം ടിവി, ഗുഡ്നസ് ടിവി തുടങ്ങിയവ പ്രോത്സാഹിപ്പിക്കപ്പെടണം.

18 പള്ളികളും സ്ഥാപനങ്ങളും പണിയുന്നതിലെ ധൂർത്ത് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. "കോൺക്രീറ്റ് ജംഗിൾ" ആക്കുന്ന രീതി തിരുത്തപ്പെടണം. സഭാസ്ഥാപനങ്ങൾ ജനങ്ങളുടെ ഉപയോഗത്തിനായി പങ്കു വയ്ക്കണം. അവ മാക്സിമം ഉപയോഗിക്കപ്പെടണം. ആവശ്യങ്ങൾക്കുവേണ്ടി മാത്രം നിർമ്മാണ പ്രവർത്ത നങ്ങൾ എന്നു നിശ്ചയിക്കണം.

19 സഭകൾ തമ്മിൽ പരസ്പരപൂരകങ്ങളായി വർത്തിക്കണം. മൂന്നു വ്യക്തിഗതസഭകളും കൂടിയുള്ള പൊതുപ്രവർത്തനങ്ങൾ റീജിയണൽ തലങ്ങളിൽ വിശ്വാസവർഷത്തിൽ സംഘടിപ്പിക്കണം. രണ്ടാം വത്തിക്കാൻ കൗൺസിലിനെക്കുറിച്ചുള്ള സെമിനാർ ഈ വർഷം റീജിയണൽ ലവലിൽ നടത്തണം.

20 സഭയുടെ പ്രവർത്തനങ്ങൾക്ക് വിശ്വാസികൾ വരുമാനത്തിന്റെ പത്ത് ശതമാനം നല്കി നാം സ്വാശ്രയരാകണം. ധൂർത്ത്, ആഡംബരം എന്നിവ ഒഴിവാക്കി പൊതുനന്മയ്ക്ക് വേണ്ടി സംഭാവനചെയ്യാൻ വിശ്വാസികൾ സന്നദ്ധരാകണം.

21 ഉയർന്ന തട്ടിൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾ താഴെത്തട്ടിലും എത്തിക്കാൻ പരിശ്രമിക്കണം. തീരുമാനങ്ങൾ നടപ്പിലാക്കുന്നു എന്ന് പരിശോധിക്കാൻ സ്ഥിരമായ മോണിട്ടറിങ്ങ് സംവിധാനങ്ങൾ ഉണ്ടാകണം.

22 അന്യമതസ്ഥരുമായി സംഭാഷണവും ഒന്നിച്ചുള്ള പ്രവർത്തനവും കരുപ്പിടിപ്പിക്കണം. സ്കൂളുകളിൽ മതമൈത്രി ക്ലബുകൾ, റീജിയണൽ ലവലിൽ മതസൗഹാർദ്ദസമിതികൾ എന്നിവ തുടങ്ങണം.

23 വൈദിക-സന്ന്യസ്ത ദൈവവിളികൾ പ്രോത്സാഹിപ്പിക്കാൻ വൈദികർ ഉത്സുകരാകണം. മാതൃകാപരമായ ജീവിതം, പ്രചോദനാത്മക ജീവിതശൈലികൾ തുടങ്ങിയവയിലൂടെ മാത്രമേ യഥാർത്ഥ ദൈവവിളികൾ പ്രോത്സാഹിപ്പിക്കപ്പെടുകയുള്ളൂ എന്ന തിരിച്ചറിവ് എല്ലാവർക്കും ഉണ്ടാകണം.

24 ക്രിസ്തീയസഭകൾ ഒരുമിച്ച് പരിസ്ഥിതിസംരക്ഷണത്തിനായി യത്നിക്കണം. മാലിന്യസംസ്കരണം, സൗരോർജ്ജ സ്രോതസുകളുടെ വ്യാപനം എന്നിവയിൽ സഭകൾ കൂടുതൽ ശ്രദ്ധിക്കണം.

പി.ഒ.സി., കൊച്ചി

19.06.2012





# തടവറ പ്രേഷിതദിനം

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

വിശുദ്ധ മാക്സ്മില്യൻ മരിയ കോൾബേയുടെ തിരുനാൾ ദിനമായ ആഗസ്റ്റ് 14-നു മുമ്പുള്ള ഞായറാഴ്ചയാണ് തടവറ പ്രേഷിതദിനമായി നാം ആചരിക്കുന്നത്. ഈ വർഷം അത് ആഗസ്റ്റ് 12-ാം തീയതിയാണ്. സഹോദരനുവേണ്ടി ജീവൻ ബലി കഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല (യോഹ 15:13) എന്ന യേശുവചനം അക്ഷരാർത്ഥത്തിൽ നിറവേറ്റിയ വിശുദ്ധനാണ് ഫാ. കോൾബേ. സഹതടവുകാരന് വേണ്ടി താൻ മരിക്കാമെന്ന് ധീരതയോടെ പറയുകയും സന്തോഷത്തോടെ രക്ത സാക്ഷിത്വമകുടം ചൂടുകയും ചെയ്ത മാക്സ്മില്യൻ കോൾബെയാണ് തടവറ പ്രേഷിത പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥൻ.

ജീസസ് ഫ്രട്ടേണിറ്റി (യേശുസാഹോദര്യം) തടവറയിൽ കഴിയുന്നവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന ഒരു കൂട്ടായ്മയാണ്. ഞാൻ കാരാഹൃഹത്തിലായിരുന്നു നിങ്ങളെന്റെ അടുക്കൽ വന്നു (മത്താ 25:36) എന്ന യേശുവചനമാണ് ഈ ശുശ്രൂഷയുടെ കാതൽ. നീതിമാൻമാരെയല്ല പാപികളെ വിളിക്കാനാണ് ഞാൻ വന്നിരിക്കുന്നത് (മത്താ 9:13) എന്നു പറഞ്ഞ് പാർശ്വവത്കരിക്കപ്പെട്ടവരുടെ പക്ഷം ചേർന്ന് ബലമില്ലാത്തവന് ബലമായും മുഖമില്ലാത്തവർക്ക് മുഖമായും സ്വരമില്ലാ ത്തവനു സ്വരമായും ജീവിച്ച യേശുവിന്റെ സ്നേഹത്തിന്റെയും കരുണയുടെയും മുഖമാണ് ജീസസ്സ് ഫ്രട്ടേണിറ്റി.

മനുഷ്യന്റെ സങ്കടങ്ങളെല്ലാം ഏറ്റെടുത്തവനാണ് ദൈവപുത്രൻ. അവൻ വഹിച്ചത് നമ്മുടെ വേദനകളായിരുന്നു. അവൻ ചുമന്നത് നമ്മുടെ ഭാരങ്ങളും (ഏശയ്യ 53:4). കാരാഗൃഹം മനുഷ്യന്റെ നൊമ്പരങ്ങളിലൊന്നാണ്. പീലാത്തോസിന്റെ അരമനയിൽ കാരാഗൃഹത്തിൽ ഒരു രാത്രി കഴിഞ്ഞുകൊണ്ട് ഓരോ കാരാഗൃഹവാസിയുടെയും ഒറ്റപ്പെടലിന്റെ മാനസികവും ശാരീരികവുമായ വേദനകളുടെ അനുഭവങ്ങൾ യേശു ഏറ്റെടുത്തു. കാരാഗൃഹത്തിൽ ആയിരിക്കുന്ന ഓരോ വ്യക്തിക്കും യേശുവിന്റെ മുഖമാണ്. ആ തിരുമുഖമാണ് ഓരോ തടവറക്കാരനിലും നാം ദർശിക്കേണ്ടത്. നീ വിധിക്കപ്പെടാതിരിക്കാൻ ആരെയും വിധിക്കരുത് (മത്താ 7:1) എന്ന് യേശു പഠിപ്പിച്ചു. പാപിനിയായ സ്ത്രീയെ കരുണയോടെ അവിടന്ന് രക്ഷിച്ച് മോചിക്കുന്നു. നിങ്ങളിൽ പാപമില്ലാത്തവൻ അവളെ കല്ലെറിയട്ടെ എന്ന വചനം അവിടെ കൂടിയ ജനകൂട്ടത്തിന്റെ രഹസ്യപാപങ്ങളിലേക്കുള്ള വെളിച്ചം വീശലായിരുന്നു. തെറ്റ് ചെയ്ത വരോട് എത്രമാത്രം കരുണയോടെ നാം പെരുമാറണം എന്ന് യേശുനാഥൻ നമ്മെ ഓർമ്മിപ്പിക്കുകയാണ്. തെറ്റുചെയ്യുക മാനുഷികമാണ്. ക്ഷമിക്കുക ദൈവികവും. നിങ്ങൾ യേശുക്രിസ്തുവിന്റെ മനോഭാവം സ്വന്തമാക്കുവിൻ (ഫിലിപ്പി 2:5) എന്ന പൗലോസ് അപ്പസ്തോലന്റെ

ആഹ്വാനം തടവറ പ്രേഷിത പ്രവർത്തനങ്ങൾക്ക് പ്രചോദനമാണ്.

കാരാഗൃഹവാസം ഒരുവനെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും ഒറ്റപ്പെടുത്തുന്നുണ്ട്. ജയിലിൽ നിന്നും പുറത്തുവരുന്നവരോട് സമൂഹം ഒരു അകലം സൂക്ഷിക്കാറുണ്ട്. യഥാർത്ഥത്തിൽ കാരാഗൃഹത്തിൽ അടയ്ക്കപ്പെടുന്നവർ പലപ്പോഴും സാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽ തെറ്റിൽ വീണുപോയവരാണെന്ന് അവരെ അടുത്തറിയുമ്പോൾ മനസ്സിലാക്കാൻ കഴിയും. അവരുടെ സാഹചര്യമായിരുന്നു നമ്മുടെയെങ്കിൽ നാമും പലപ്പോഴും വീണുപോകുമായിരുന്നു. അതുകൊണ്ട് പാപവഴികളിൽ നടക്കുന്ന ഒരു വ്യക്തിയെ കാണുമ്പോൾ വിശുദ്ധ അഗസ്റ്റിൻ ഇങ്ങനെ പറയുമായിരുന്നു – "അതാ ദൈവകൃപയില്ലാത്ത അഗസ്റ്റിൻ പോകുന്നുവെന്ന്".

നമ്മുടെ സഭയുടെ ചരിത്രം കാരാഗൃഹവാസവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. അന്യായ തടങ്കലിൽ പീഡനമനുഭവിച്ച് രക്തസാക്ഷിത്വം വരിച്ച എത്രയോ രക്തസാക്ഷികളാണ് നമുക്കുള്ളത്. ഇന്നും അനേകർ യേശുനാമത്തെ പ്രതി തടവറകളിലായിരിക്കുന്നു. അതുകൊണ്ടുതന്നെ തടവറയിൽ കഴിയുന്നവരോടും അവരുടെ കുടുംബങ്ങളോടും സഭയ്ക്ക് കരുണയും കരുതലുമുണ്ട്. 8 സോണുകളി ലായി 46 യൂണിറ്റുകളിൽപ്പെട്ട 1500 ഓളം ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തകർ കേരളത്തിലെ 43 ജയിലുകളിൽ സേവനമനുഷ്ഠിക്കു ന്നുണ്ട്. ജയിൽ സന്ദർശനം, കൗൺസലിംഗ്, ലിറ്റർജി, മറ്റ് പ്രോഗ്രാമുകൾ തുടങ്ങിയവയിലൂടെ തങ്ങളുടെ ജയിൽ ജീവിതത്തെ മാനസാന്തരത്തിനുള്ള അവസരമാക്കാൻ തടവറക്കാരെ ഫ്രട്ടേണിറ്റി പ്രവർത്തകർ സഹായിക്കുന്നു. 13 പുനരധിവാസ കേന്ദ്രങ്ങളിലൂടെ തടവറക്കാരെയും അവരുടെ കുടുംബങ്ങളെയും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് വീണ്ടും എത്തിക്കുവാനും ജീസസ്സ് ഫ്രട്ടേണിറ്റി ശ്രദ്ധിക്കുന്നു. കൂടാതെ തടവറക്കാരുടെ മക്കളുടെ ഉന്നത വിദ്യാഭ്യാസം, വിവാഹം ഇതിലെല്ലാം ഫ്രട്ടേണിറ്റി സഹായഹസ്തം നീട്ടുന്നു. ഈ പ്രവർത്തനങ്ങളിലെല്ലാം എല്ലാവരുടെയും സഹകരണമുണ്ടാകണമെന്നും ഈ ശുശ്രൂഷയ്ക്ക് വേണ്ട സാമ്പത്തിക സഹായം ഉദാരമായി നല്കണമെന്നും സ്നേഹപുരസരം അപേക്ഷിക്കുന്നു..

ക്രിസ്തുവിന്റെ സ്നേഹത്താൽ നമ്മെ നിറയ്ക്കുന്നതും സ്വർഗ്ഗരാജ്യ പ്രവേശനത്തിന് നമ്മെ സഹായിക്കുന്നതുമായ ഈ മനോഗുണ പ്രവൃത്തിയിൽ പങ്കാളികളാകാൻ പരിശുദ്ധാത്മാവായ ദൈവം എല്ലാവരെയും സഹായിക്കട്ടെ. പിതാവായ ദൈവത്തിന്റെ സ്നേഹവും യേശുക്രിസ്തുവിന്റെ കൃപയും പാവനാത്മാവിന്റെ സഹവാസവും നിങ്ങൾക്കായി പ്രാർത്ഥിച്ചുകൊണ്ട്.

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ബിഷപ്പ് സ്റ്റീഫൻ അത്തിപ്പൊഴിയിൽ**

ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ്, പീസ് ആൻഡ് ഡിവലപ്പ്മെന്റ് കമ്മീഷൻ





# വൊക്കേഷൻ പ്രൊമോട്ടർമാർക്ക് ദേവാലയങ്ങളും സ്കൂളുകളും സന്ദർശിക്കുന്നതിന് മൂന്നുമാസം

മിശിഹായിൽ സ്നേഹമുള്ളവരേ,

കേരളകത്തോലിക്കാ മെത്രാൻ സമിതിയുടെ തീരുമാനപ്രകാരം സീറോമലബാർ, ലത്തീൻ, മലങ്കരസഭകളിലെ എല്ലാ രൂപതകളും അവയുടെ കീഴിലുള്ള എല്ലാ ദേവാലയങ്ങളും കോർപറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളും മറ്റു സ്ഥാപനങ്ങളും വൊക്കേഷൻ പ്രൊമൊട്ടർമാർക്ക് സന്ദർശിക്കാൻ മൂന്നുമാസ കാലാവധിയാണ് ഇനി മുതൽ നിശ്ചയിച്ചിട്ടുള്ളത്: അതായത് ജൂലൈ, ഓഗസ്റ്റ്, സെപ്തംബർ മാസങ്ങൾ.

സന്ദർശനത്തിനു പോകാൻ ആഗ്രഹിക്കുന്ന രൂപതാ സന്ന്യാസ വൊക്കേഷൻ പ്രൊമൊട്ടർമാർ KVSC യിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. KVSC നല്കുന്ന സർട്ടിഫിക്കററിൽപ്രൊമോഷനുവേണ്ടി പോകുന്നരൂപതകളിലെ വൊക്കേഷൻ ബ്യൂറോകളുടെ ഡയറക്ടർമാരുടെ ഒപ്പും സീലും വാങ്ങിയിട്ടുവേണം രൂപതാസ്ഥാപനങ്ങൾ സന്ദർശിക്കാൻ. സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനുള്ള സമയവും അതാത് വികാരിമാരുമായോ സ്ഥാപന മാനേജർമാരുമായോ സംസാരിച്ച് നിശ്ചയിക്കേണ്ടതാണ്. മററു മാസങ്ങളിൽ പൊതുവായ വൊക്കേഷൻ പ്രൊമോഷന് അനുമതി ഉണ്ടായിരിക്കുന്നതല്ല. സ്കൂളുകൾക്കുണ്ടാകുന്ന അസൗകര്യം പരിഗണിച്ചാണ് ഈ നടപടി കൈക്കൊണ്ടിട്ടുള്ളത്. എന്നാൽ വ്യക്തിപരമായി കുട്ടികളെ കാണുന്നതിനും ഭവനങ്ങൾ സന്ദർശിക്കുന്നതിനും തടസ്സമില്ല.

വികാരിമാരും മാനേജർമാരും വൊക്കേഷൻ പ്രൊമോട്ടർമാരുടെ കൈവശമുള്ള ഒറിജനൽ സർട്ടിഫക്കറ്റോ അതിന്റെ ഡ്യൂപ്ലിക്കേറ്റോ കണ്ട് അവരെ വൊക്കേഷൻ പ്രൊമോട്ടു ചെയ്യാൻ അനുവദിക്കണം. ഒരോ രൂപതയും സ്ഥാപനവും ഇതിനുവേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ്. ഇക്കാര്യത്തിൽ പ്രസക്തമായ തടസങ്ങൾ ഉണ്ടായാൽ അത് രേഖാമൂലം കെസിബിസിയുടെ വൊക്കേഷൻ ഓഫീസിൽ അറിയിക്കണം.

**അറിയിക്കേണ്ട വിലാസം:**

The Director
Kerala Vocation Service Centre, Bharananganam, Pala-686 578
Ph: 04822237105, 9400218246

അനുഗ്രഹാംശംസകളോടെ,

**+ ആർച്ചബിഷപ് ജോസഫ് പെരുന്തോട്ടം**

ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ



# BISHOP'S Engagements

**2012 AUGUST**

| | | |
|---|---|---|
| 2 | PM | Meeting, Bishop's House |
| 3 | | Health Commission Meeting, POC |
| 4. | | Presbyteral Council Meeting, Bishop's House |
| 5 | | Sacred Heart Church, Valamangalam |
| 6-10 | | KCBC - Bishops' Retreat |
| 11 | | Kaikars' Meeting, Pastoral Centre |
| 12 | | Thavalam |
| 13 | AM | Bharatha Matha School, Chandranagar |
| | PM | CHF Vestition & Jubilee, Mary Land |
| 15 | | St. Raphaels Cathedral, Chakkanthara |
| | | CML Prayer day Inauguration |
| 18 | AM | Chapel Blessing, Dillingen Sisters, Kozhinjampara |
| 19 | PM | KLM Meeting, Pastoral Centre |
| 20-25 | | Synod, Mt. St. Thomas, Kakkanad |
| 26 | | Mannanam |
| 27-Sept. 1 | | Synod, Mt. St. Thomas, Kakkanad |

**2012 SEPTEMBER**

| | | |
|---|---|---|
| 2 | AM | Infant Jesus Church, Unnimala |
| | PM | Prasad Matha Church, Mannarkkad |
| 3 | AM | Ordination, Kanjirapuzha |
| 4-5 | | Seminary Commission Meeting, Mangalapuzha |
| 6 | | Sehion Retreat Centre, Thavalam |
| 8. | | Pastoral Council Meeting, Pastoral Centre |
| 10-15 | | Annual Retreat for Priests, Yuvakshetra |







# From the Bishop's Office

**മാർ ജോസഫ് ഇരിമ്പൻ – ചരമവാർഷികം**

രൂപതയുടെ ആരംഭം മുതൽ 1997 വരെ നമ്മുടെ ആത്മീയവും ഭൗതികവുമായ ഉന്നമനത്തിനുവേണ്ടി സ്നേഹ ശുശ്രൂഷചെയ്തു കടന്നുപോയ മാർ ജോസഫ് ഇരിമ്പൻ പിതാവിന്റെ 15–ാം ചരമവാർഷികം ആഗസ്റ്റ് 23–ാം തിയ്യതി നമുക്ക് സ്നേഹത്തോടും കൃതജ്ഞതയോടുംകൂടി അനുസ്മരിക്കാം. പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം. അന്നേദിവസമോ സൗകര്യപ്പെടുന്ന മറ്റൊരു ദിവസമോ പിതാവിന്റെ ആത്മശാന്തിക്കുവേണ്ടി ഇടവകകളിലും സ്ഥാപനങ്ങളിലും ദിവ്യബലിയർപ്പിക്കേണ്ടതാണ്.

**മാർ ജേക്കബ് മനത്തോടത്ത്**

**ജീസസ് ഫ്രട്ടേണിറ്റി ഞായർ**

കെ.സി.ബി.സിയുടെ നേതൃത്വത്തിലുള്ള ജീസസ് ഫ്രട്ടേണിറ്റി **ആഗസ്റ്റ് 12–ാം** തിയ്യതി ജീസസ് ഫ്രട്ടേണിറ്റി ഞായറായി ആഘോഷിക്കുന്നു. തടവറയിലെ സഹോദരങ്ങളുടെ കുടുംബങ്ങൾക്കും അവരുടെ മക്കൾക്കും സഹായം നൽകുവാൻ അന്നേ ദിവസത്തെ പ്രത്യേക പിരിവ് രൂപതാ കാര്യാലയത്തിൽ ഏൽപ്പിക്കുമല്ലോ.

**വൈദികരുടെ മാസധ്യാനം**

ആഗസ്റ്റ് മാസത്തിലെ വൈദികരുടെ മാസധ്യാനം അതാത് ഫൊറോനകളിൽ വെച്ച് നടത്തപ്പെടുന്നതാണ്.

**വാർഷികധ്യാനം**

ബഹു. വൈദികരുടെ വാർഷികധ്യാനം യുവക്ഷേത്രയിൽവെച്ച് സെപ്റ്റംബർ 10 –15 തിയ്യതികളിൽ നടത്തപ്പെടുന്നു. ധ്യാനം നയിക്കുന്നത് ബഹു. സേവ്യർഖാൻ വട്ടായിൽ അച്ചന്റെ നേതൃത്വത്തിലുള്ള സെഹിയോൻ ടീം ആയിരിക്കും.

**നിത്യാരാധന കപ്പേള**

**ഓഗസ്റ്റ് 15** മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആയതിനാൽ അന്നേദിവസം കപ്പേളയിൽ ആരാധനയും വിശുദ്ധ കുർബാനയും ഉണ്ടായിരിക്കുന്നതല്ല.

**അഭിനന്ദനങ്ങൾ**



പാലക്കാട് ജില്ലയിലെ ഏറ്റവും നല്ല നഴ്സിനുള്ള സംസ്ഥാന അവാർഡ് കേരള ആരോഗ്യവകുപ്പുമന്ത്രിയിൽ നിന്നും ഏറ്റുവാങ്ങിയ ബഹു. സി. റോസ്‌ലി SDക്ക് പാലക്കാട് രൂപതാംഗങ്ങളുടെ പ്രാർത്ഥനാശംസകളും അഭിനന്ദനങ്ങളും.

### വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ

കേന്ദ്രസർക്കാരിൽ നിന്ന് ന്യൂനപക്ഷവിഭാഗത്തിന് അനുവദിച്ചിരിക്കുന്ന വിവിധ സ്കോളർഷിപ്പുകളുടെ സംക്ഷിപ്തരൂപം ചുവടെ ചേർക്കുന്നു. നമ്മുടെ ഇടവകകളിലെ കുട്ടികൾക്ക് ഈ സ്കോളർഷിപ്പുകൾ ലഭിക്കുന്നതിന് ബഹു. വികാരിയച്ചന്മാരും മതബോധന പ്രധാനാധ്യാപകരും സ്കൂൾ കോളേജ് അധികാരികളും പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അപേക്ഷാ ഫോറം പൂരിപ്പിക്കുമ്പോൾ ഓരോ ഇനത്തിലും കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ നിങ്ങളെ സഹായിക്കുവാൻ പി.എസ്.എസ്.പി.യിൽ ഒരു വ്യക്തിയെ നിയോഗിച്ചിട്ടുണ്ട്. സ്കോളർഷിപ്പുകളെ സംബന്ധിച്ച വിശദവിവരങ്ങൾക്കും സഹായങ്ങൾക്കും പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടുക. **Mob: 9496867506,** Ph: 0491-2520395, 2527784.

**മാർ ജേക്കബ് മനത്തോടത്ത്**

**1 മൗലാന ആസാദ് എഡ്യൂക്കേഷൻ ഫൗണ്ടേഷൻ സ്കോളർഷിപ്പ്**

ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ട +1 ക്ലാസ്സുകളിലെ പെൺകുട്ടികൾക്ക് ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാം. അർഹരാകുന്നവർക്ക് 12,000 രൂപ ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.maef.nic.in സന്ദർശിക്കുക.

**2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്**

+1 മുതൽ പോസ്റ്റ് ഗ്രാജ്യുവേഷൻ വരെയും ഐ.ടി.ഐ./ഐ.ടി.സി മുതൽ ങ.ജവശഹ മുതൽ ഡോക്ടറേറ്റ് വരെയുമുള്ള എല്ലാ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാം. ഒരു കുടുംബത്തിൽ നിന്ന് പരമാവധി 2 പേർക്ക് ഈ സഹായം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് www.dcescholarship.kerala.gov.in സന്ദർശിക്കുക.

3. **Merit Cum Means Scholarship**

Engineering, Medical & Para Medical Courses, Veterinary Sciences & Aminal Husbandary, CA, ICWA, Company Secretary, Law, Fashion Technology, Management, Cement Technology, Pharmacy, Hotel Management & Catering Technology, Applied Arts & Crafts, MCA തുടങ്ങിയ വിഭാഗങ്ങളിൽ ഗ്രാജ്യുവേഷൻ മുതൽ പോസ്റ്റ് ഗ്രാജ്യുവേഷൻ വരെയുള്ള കോഴ്സുകൾക്കാണ് ഈ സ്കോളർഷിപ്പ് ലഭിക്കുന്നത്. വിശദ വിവരങ്ങൾക്ക് www.momascholarship.gov.in / www.minorityaffairs.gov.in സന്ദർശിക്കുക.

4. **Central Sector Scholarship**

അംഗീകൃത കോളേജുകളിൽ ഗ്രാജ്യുവേഷൻ പോസ്റ്റ് ഗ്രാജ്യുവേഷൻ തുടങ്ങിയ ഏതെങ്കിലും കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പിന് ഓൺ ലൈനായി അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് www.dcescholarship.kerala.gov.in സന്ദർശിക്കുക.





**രൂപതാ പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങ്**

രൂപതാ പാസ്റ്ററൽ കൗൺസിൽ 2012 സെപ്റ്റംബർ 8 ശനിയാഴ്ച രാവിലെ 10.30 മുതൽ 1 മണിവരെ പാസ്റ്ററൽ സെന്ററിൽവച്ചു നടക്കുന്നതാണ്. 2012 ഒക്ടോബർ 11 മുതൽ 2013 നവംബർ 24 വരെ ആഗോള സഭയിൽ വിശ്വാസവർഷമായി ആചരിക്കുവാൻ മാർപ്പാപ്പ ആഹ്വാനം ചെയ്തിരിക്കുന്ന പശ്ചാത്തലത്തിൽ "വിശ്വാസത്തിന്റെ വാതിൽ" (Porta Fidei) എന്ന അപ്പസ്തോലിക പ്രബോധനത്തെ അടിസ്ഥാനമാക്കിയാണ് ഈ പ്രാവശ്യത്തെ നമ്മുടെ പരിചിന്തനങ്ങൾ. അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിലേക്ക് എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെയും ക്ഷണിക്കുന്നു.

**കൈക്കാരന്മാരുടെ സമ്മേളനം**

ഇടവകകളിലെ കൈക്കാരന്മാരുടെയും സംയുക്ത സമ്മേളനം ആഗസ്റ്റ് 11-ാം തിയ്യതി ശനിയാഴ്ച 10.30ന് പാസ്റ്ററൽ സെന്ററിൽവച്ച് നടത്തുന്നതാണ്. എല്ലാ കൈക്കാരന്മാരെയും പ്രസ്തുത സമ്മേളനത്തിലേക്ക് ക്ഷണിക്കുന്നു. യോഗത്തിൽ സംബന്ധിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ ബഹു. വികാരിയച്ചന്മാർ ബന്ധപ്പെട്ടവർക്ക് നൽകേണ്ടതാണ്.

**ഫൊറോന പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങ്**

സെപ്റ്റംബർ 8ന് നടക്കുന്ന രൂപത പാസ്റ്ററൽ കൗൺസിലിന് ഒരുക്കമായി ആഗസ്റ്റ് മാസത്തിൽ ഫൊറോനപാസ്റ്ററൽ കൗൺസിൽ യോഗം സംഘടിപ്പിക്കേണ്ടതാണ്. പ്രസ്തുത യോഗത്തിന് പെ. ബഹു. ഫൊറോന വികാരിമാരും ഫൊറോന പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാരും നേതൃത്വം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു

ഫൊറോന തല ചർച്ചക്ക് സഹായമാകുമെന്ന പ്രതീക്ഷയോടെ Porta Fidei "വിശ്വാസത്തിന്റെ വാതിൽ" എന്ന അപ്പസ്തോലിക പ്രബോധനത്തിലെ പ്രധാന ആശയങ്ങൾ ചുവടെ ചേർക്കുന്നു. ആഗസ്റ്റ് മാസത്തിലെ കുടുംബസമ്മേളനങ്ങളിലും ഈ വിഷയം ചർച്ചചെയ്യുന്നത് ഉപകാരപ്രദമായിരിക്കും. വിശ്വാസവർഷത്തിന്റെ വിചിന്തനങ്ങളിലേയ്ക്കും കർമ്മ പരിപാടികളുടെ രൂപീകരണത്തിലേയ്ക്കും ഏവരുടേയും നിർദ്ദേശങ്ങളും സഹകരണവും പ്രത്യേകം അഭ്യർത്ഥിക്കുന്നു.

NB:- ഫൊറോനകളിലെ റിപ്പോർട്ടുകൾ രൂപതയിൽ ക്രോഡീകരിക്കുന്നതിന് ആഗസ്റ്റ് 31 ന് മുമ്പായി പ്രസ്തുത റിപ്പോർട്ടുകൾ രൂപതാ കാര്യാലയത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ചർച്ചാവിഷയം:- "വിശ്വാസത്തിന്റെ വാതിൽ"**

**ചർച്ച ചെയ്യാൻ**

1 a, വിശ്വസിക്കുക, വിശ്വാസം ജീവിക്കുക, വിശ്വാസം ഏറ്റുപറയുക, വിശ്വാസസാക്ഷ്യം നൽകുക,വിശ്വാസം കൈമാറുക എന്നീ തലങ്ങളിൽ നാം ഇന്ന് അനുഭവിക്കുന്ന പ്രതിസന്ധികളും വെല്ലുവിളികളും എന്നിവ വ്യക്തമാക്കുക.

b. വിശ്വാസവർഷാചരണത്തിന്റെ ഭാഗമായി പ്രതിസന്ധികളെയും വെല്ലുവിളികളെയും നേരിടാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

2. വിശ്വാസവർഷാചരണം അർത്ഥവത്താക്കാൻ രൂപത, ഫൊറോന, ഇടവക, കുടുംബയൂണിറ്റുകൾ വ്യക്തികൾ എന്നീ തലങ്ങളിൽ നടപ്പാക്കാവുന്ന പ്രായോഗിക കർമ്മപരിപാടികൾ കണ്ടെത്തുക
   - a. ആഘോഷപരിപാടികൾ
   - b ബോധനപരിശീലന പരിപാടികൾ
   - c പരസ്നേഹാധിഷ്ഠിത കർമ്മപരിപാടികൾ

3. ഇന്നത്തെ വിദ്യാഭ്യാസതൊഴിൽ സംസ്കാരം വിശ്വാസ പരിശീലനത്തെയും ജീവിതത്തെയും പ്രഘോഷണത്തെയും എങ്ങനെ ബാധിക്കുന്നുവെന്ന് വിലയിരുത്തുക.

4. നഗരവൽക്കരണവും അന്യവൽക്കരണവും ഉപഭോഗാസക്തിയും പരമ്പരാഗത വിശ്വാസകൈമാറ്റപ്രക്രിയയുടെ വേരുകളെ പിഴുതെറിയാൻ പ്രേരകമാകുന്നുണ്ടോ?

**സെക്രട്ടറി**
പാസ്റ്ററൽ കൗൺസിൽ

## തെരട്ടു സമർപ്പിച്ച പള്ളികൾ, പുതിയ കൈക്കാരന്മാർ

| | |
|---|---|
| കടമ്പൂർ | ശ്രീ. റ്റോമി ചാലയ്ക്കൽ, ശ്രീ. അബ്രഹാം കുഴിമണ്ണിൽ |
| ചിറ്റൂർ (പാലക്കാട്) | ശ്രീ. ലോറൻസ് കല്ലുവളയിൽ, ശ്രീ. തോമൻ കരോട്ടുകിഴക്കേൽ |
| കടപ്പാറ | ശ്രീ. മാത്യു കുരിക്കൽ, ശ്രീ. തോമസ് അറയ്ക്കൽ |
| മലമ്പുഴ | ശ്രീ. ജോസ് പനിയാമറ്റം, ശ്രീ. ജോൺ വട്ടാശ്ശേരി |
| പൊന്നംകോട് | ശ്രീ. മാത്യു പുഴുക്കാത്തറ, ശ്രീ. ടോമി പുന്നയ്ക്കാത്തടത്തിൽ |
| ഷൊർണ്ണൂർ | ശ്രീ. ഐസപ്പൻ ജോസ് എടവഴിത്തറ |
| | ശ്രീ. ജോർജ്ജ് ചീരൻ |
| ചുള്ളിയാംകുളം | ശ്രീ. അബ്രഹാം വഞ്ചിക്കാചാലിൽ, ശ്രീ. ജോസഫ് നടുപടവിൽ |
| ഞാറക്കോട് | ശ്രീ. വർഗ്ഗീസ് കാവിളയിൽ, ശ്രീ. റ്റോമി മാത്യു കുന്നുംപുറത്ത് |
| മെഴുകുംപാറ | ശ്രീ. ജെയിംസ് കുളമ്പുകാട്ട്, ശ്രീ. ലൂക്ക മറ്റപ്പിള്ളി |
| ബാലേശ്വരം | ശ്രീ. ജോസ് കുരുവിനാക്കുന്നേൽ, ശ്രീ. അനി കീനറുവിളി |
| യാക്കര | ശ്രീ.ജോജി ജോസഫ് അറങ്ങാശ്ശേരി, |
| | ശ്രീ. ബേബി ജോസഫ് ഒലക്കേങ്കൽ |
| മംഗലംഡാം | ശ്രീ. ജോസ് തറക്കുന്നേൽ, ശ്രീ. പയസ് കാണിക്കൽ |
| അലനല്ലൂർ | ശ്രീ. സിബി വലിയവീട്ടിൽ, ശ്രീ. ജെസ്റ്റിൻ മുണ്ടഞ്ചേരി |
| തിരുവിഴാംകുന്ന് | ശ്രീ. ബെന്നി ഇടവഴിയ്ക്കൽ, ശ്രീ. ജോഷി ഐമനത്തിൽ |
| വിമലഗിരി | ശ്രീ. സേവ്യർ ചോതിപറമ്പിൽ, ശ്രീ. സജി നായ്ക്കരകുടി |
| കാഞ്ഞിരപ്പുഴ ഡാം | ശ്രീ. സിബി കുന്നത്തൂർ, ശ്രീ. ജോർജ്ജ് പഴുക്കാത്തറ |
| പാലക്കയം | ശ്രീ. ബോബി പൂവ്വത്തിങ്കൽ, ശ്രീ. ജോസ് പള്ളിവാതുക്കൽ |
| താവളം | ശ്രീ. സണ്ണി ഏറനാട്, ശ്രീ. ഫ്രാൻസിസ് കുന്നുമ്മേൽ |
| പൊമ്പ്ര | ശ്രീ. മാത്യു മേക്കുന്നേൽ, ശ്രീ. പിങ്കു പടിപ്പുരയ്ക്കൽ |





| | |
|---|---|
| കൈതച്ചിറ | ശ്രീ. മാത്തച്ചൻ വടക്കുഞ്ചേരി, ശ്രീ. വർഗ്ഗീസ് കൊടുവയലിൽ |
| പുല്ലിശ്ശേരി | ശ്രീ. ജോണി വട്ടായിൽ, ശ്രീ. സെബാസ്റ്റ്യൻ അമ്പലത്തിങ്കൽ |
| തച്ചനടി | ശ്രീ. ആൻഡ്രൂസ് ചിറയത്ത്, ശ്രീ. മാർട്ടിൻ പന്തപ്ലാക്കൽ |
| ആലങ്ങാട് | ശ്രീ. രാജപ്പൻ കാറ്റാടിക്കൽ, ശ്രീ. മാത്യു മുക്കാലയിൽ |
| ചിറ്റിലഞ്ചേരി | ശ്രീ. സിജു വടാശ്ശേരി, ശ്രീ. ഫ്രാൻസിസ് വടക്കൂട്ട് |
| പട്ടാമ്പി | ശ്രീ. ബേബിയച്ചൻ നെടുമ്പള്ളിയിൽ, |
| | ശ്രീ. ഷിജു ബാബു ചെറുവത്തൂർ |
| പൂഞ്ചോല | ശ്രീ. ജോർജ്ജ് വലിയപറമ്പിൽ, ശ്രീ. സാബു മൈലംവേലിൽ |
| ഷോളയൂർ | ശ്രീ. അഗസ്റ്റിൻ താന്നിപ്പള്ളി, ശ്രീ. ജോസഫ് പാലിത്തൈ |
| അട്ടപ്പാടി ചിറ്റൂർ | ശ്രീ. ബെന്നി വലയുങ്കൽ, ശ്രീ. അലോഷി മൂഴിയിൽ |
| കേരളശ്ശേരി | ശ്രീ. കെ.പി. പോളി കണ്ണമ്പുഴ, |
| | ശ്രീ. ജോജോ എം ജോർജ്ജ് മരുതിരേത്തിക്കൽ |
| കല്ലടിക്കോട് | ശ്രീ. തോമസ് എൻ.എം., ശ്രീ. ഷാജി മാത്യു വടക്കേടത്ത് |
| കൊല്ലങ്കോട് | ശ്രീ. ജോണി മേലപ്പള്ളിപാറമേൽ, ശ്രീ. ബേബി ചാലിശ്ശേരി |
| പരുത്തിക്കാട് | ശ്രീ. ജോയ് പുളിക്കൽ, ശ്രീ. ചാക്കോ ഞാറോലിക്കൽ |
| പനംകുറ്റി | ശ്രീ. വിത്സൻ വെള്ളമറ്റത്തിൽ, ശ്രീ. ജിജി പുറ്റനാൽ |
| വാൽകുളമ്പ് | ശ്രീ. ജോർജ്ജ് നെടുഞ്ചേരി, ശ്രീ. ഔസേപ്പുണ്ണി തെക്കേക്കര |
| കടമ്പഴിപ്പുറം | ശ്രീ. അഗസ്റ്റിൻ കൂട്ടംചിറ, ശ്രീ. വർഗ്ഗീസ് ജോസഫ് തടത്തിൽ |
| ശാന്തിതടം | ശ്രീ. ജോസഫ് പാലപ്പറമ്പിൽ, ശ്രീ. ജോബി വെട്ടിയാടൻ |
| ഉണ്ണിമല | ശ്രീ. ബേബി ആട്ടപ്പാട്ട്, ശ്രീ. ജോയ് കുരുവിക്കാട്ട് |
| കുറവംപാടി | ശ്രീ. റെജി തുണ്ടത്തിൽ, ശ്രീ. ബെന്നി പാറക്കുടിയിൽ |
| പുലിയറ | ശ്രീ. ദേവസ്യ മുണ്ടത്താനത്ത്, ശ്രീ. ബേബി കൊച്ചുവീട്ടിൽ |
| ഒലിപ്പാറ | ശ്രീ. അഗസ്റ്റിൻ പുളക്കക്കുന്നേൽ, |
| | ശ്രീ. ജെയിംസ് കൊച്ചുപാലിയത്ത് |
| തത്തമംഗലം | ശ്രീ. തോമസ് പൊറുത്തുക്കാരൻ, ശ്രീ. ജോസ് തലക്കോട്ടൂർ |
| പാടൂർ | ശ്രീ. ജോസ് തീക്കുന്നത്ത്, ശ്രീ. ബിജു കാരിറ്റം |
| മണ്ണാർക്കാട് | ശ്രീ. ഫിലിപ്പ് ചോതിപറമ്പിൽ, ശ്രീ. അലക്സ് പവ്വത്തുമലയിൽ |
| കണ്ടമംഗലം | ശ്രീ. ചെറിയാൻ മുട്ടത്ത്, ശ്രീ. സോണി പ്ലാത്തോട്ടം |
| പുറ്റാനിക്കാട് | ശ്രീ. സിജു കുന്നത്ത്മറ്റത്തിൽ, ശ്രീ. മാത്യു പാലയ്ക്കൽ |
| കൂനത്തറ | ശ്രീ. മാത്യു കണ്ണംപള്ളിൽ, ശ്രീ. ജോസഫ് ചക്കാലയ്ക്കൽ |
| ചെർപ്പുളശ്ശേരി | ശ്രീ. ഡൊമിനിക് മുക്കിലിക്കാട്ടിൽ, |
| | ശ്രീ. സിബി മുഴയേൽക്കാട്ടിൽ |
| അരപ്പാറ | ശ്രീ. ജോസ് പൂവ്വൻതൊട്ടിയിൽ, ശ്രീ. തോമസ് വള്ളനാമറ്റം |
| പോത്തുണ്ടി | ശ്രീ. ജോർജ്ജ് കാഞ്ഞിരമറ്റത്തിൽ, |
| | ശ്രീ. സേവ്യർ പെരിഞ്ഞാറപള്ളിൽ |
| അഗളി | ശ്രീ. മാത്യു കടമ്പനാട്ട്, ശ്രീ. ബേബി വെമ്പനിക്കൽ |
| പല്ലിയറ | ശ്രീ. ജോസഫ് പരവരക്കുന്നേൽ, |
| | ശ്രീ. ആന്റണി ജോർജ്ജ് ആടുകുഴിയിൽ |
| മലയകം | ശ്രീ. ജോസഫ് വളവന്തറ, ശ്രീ. ടി.എം. കുര്യൻ |
| പൊൻകണ്ടം | ശ്രീ. അജയ് നടുവിലേക്കുറ്റ്, ശ്രീ. ഫാസ്റ്റിൻ കളപ്പുരയ്ക്കൽ |

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 1-Sep-12 | SAT | Rev. Fr. Maramattam Xavier |
| 3-Sep-12 | MON | Rev. Fr. Mavarayil Shijo |
| 4-Sep-12 | TUE | Rev. Fr. Mechery Anson |
| 5-Sep-12 | WED | Rev. Fr. Murickananickal Santhosh |
| 6-Sep-12 | THU | Rev. Fr. Muringakudiyil Biju |
| 7-Sep-12 | FRI | Rev. Fr. Nalpathamkalam Sumesh |
| 8-Sep-12 | SAT | Rev. Fr. Nedumpurath Antony |
| 10-Sep-12 | MON | Religious Priest |
| 11-Sep-12 | TUE | Religious Priest |
| 12-Sep-12 | WED | Religious Priest |
| 13-Sep-12 | THU | Religious Priest |
| 14-Sep-12 | FRI | Religious Priest |
| 15-Sep-12 | SAT | Religious Priest |
| 17-Sep-12 | MON | Rev. Fr. Olakkengil Viani |
| 18-Sep-12 | TUE | Rev. Fr. Ollukaran Vincent |
| 19-Sep-12 | WED | Rev. Fr. Palathinkal Abraham |
| 20-Sep-12 | THU | Rev. Fr. Pallineerakkal Jaimon |
| 21-Sep-12 | FRI | Rev. Fr. Paramby Thomas |
| 22-Sep-12 | SAT | Rev.Fr. Parayil Jijo |
| 24-Sep-12 | MON | Rev. Fr. Perumattil Antony |
| 25-Sep-12 | TUE | Rev. Fr. Perumbillil George |
| 26-Sep-12 | WED | Rev. Fr. Plathottathil Biju |
| 27-Sep-12 | THU | Rev.Fr. Plathottathil Jinse |
| 28-Sep-12 | FRI | Rev. Fr. Ponmani Jose |
| 29-Sep-12 | SAT | Rev. Fr. Potteparambil Jose |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**





# വിശ്വാസപരിശീലനവേദി

**email: catechismpalghat@gmail.com, website: www.catechismpalghat.org**

**മതാദ്ധ്യാപക സെമിനാറുകൾ**

ഈ വർഷത്തെ മതബോധന വിഷയമായ **"യേശുനാമം ഏകരക്ഷാ നാമം"** എന്നതിനെ ആസ്പദമാക്കി ഏകദിന സെമിനാറുകൾ എല്ലാ ഫൊറോനകളിലും സംഘടിപ്പിക്കുന്നു. യേശുമാത്രമാണ് ഏക രക്ഷാ മാർഗ്ഗം എന്ന വിശ്വാസത്തിൽ അടിയുറച്ച് വളരുന്ന തലമുറക്ക് ദൈവത്തെ കാണിച്ചുകൊടുക്കുവാൻ ഈ വിശ്വാസവർഷത്തിലെ സെമിനാറുകൾ നമ്മെ സഹായിക്കട്ടെ.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.**

| | | | |
|---|---|---|---|
| ആഗസ്റ്റ് 20 | തിങ്കൾ | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 25 | ശനി | 9.30 am to4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| സെപ്റ്റം. 01 | ശനി | 9.30 am to 4.00 pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം. 21 | വെള്ളി | 9.30 am to 4.00 pm | മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 24 | ബുധൻ | 9.30 am to 4.00 pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 26 | വെള്ളി | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| | | | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**I & II HDC ഏകദിന സെമിനാറുകൾ**

HDC ക്ലാസ്സിലെ പഠനശേഷം വിശ്വാസപരിശീലന രംഗത്തു നിന്നും ഔദ്യോഗികമായി വിടപറയുന്ന നമ്മുടെ കുട്ടികൾക്ക് തങ്ങൾ പഠിച്ചറിഞ്ഞ കാര്യങ്ങൾ എങ്ങനെ പ്രായോഗികമാക്കണം എന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടും അവബോധവും നൽകുക എന്നതാണ് ഈ സെമിനാറിന്റെ ലക്ഷ്യം. അദ്ധ്യയന വർഷത്തിലെ ഞായറാഴ്ചകളിൽ തന്നെയാണ് ഇവ നടത്തുന്നത്. സെമിനാർ രാവിലെ 9.30 ന് ആരംഭിച്ച് 4.00 മണിക്ക് അവസാനിക്കുന്നു. സെമിനാർ ദിവസം വി. കുർബാന അതാതു സെന്ററുകളിലെ പള്ളികളിൽ ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 50 രൂപ.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

ആഗസ്റ്റ് 05 ഞായർ 9.30am to 4.00pm ഒലവക്കോട് ഫൊറോന

| | | | |
|---|---|---|---|
| | | | (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 12 | ഞായർ | 9.30am to 4.00pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 19 | ഞായർ | 9.30am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 26 | ഞായർ | 9.30am to 4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം 02 | ഞായർ | 9.30am to 4.00pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| സെപ്റ്റം 02 | ഞായർ | 9.30am to 4.00pm | തത്തമംഗലം ഫൊറോന (പാസ്റ്ററൽ സെന്റർ) |
| സെപ്റ്റം 16 | ഞായർ | 9.30am to 4.00pm | മേലാർക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**സാൻജോ ബുക്ക് സ്റ്റാൾ**

സൺഡേ കാറ്റികിസം പരീക്ഷകൾ, സ്കൊളാസ്റ്റിക് ടെസ്റ്റ്, ക്വിസ്മത്സരങ്ങൾ തുടങ്ങിയവയ്ക്കുള്ള ചോദ്യങ്ങൾ അടങ്ങിയ പുസ്തകം 'വിശ്വാസപരിശീലനത്തിനൊരു വഴികാട്ടി' സാൻജോ ബുക്ക് സ്റ്റാളിൽ നിന്ന് ലഭിക്കുന്നതാണ്. (വില 35 രൂപ)

**HDC കറൻസ്പോണ്ടൻസ് കോഴ്സ്**

വിശ്വാസ പരിശീലനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാലഘട്ടമാണല്ലോ കൗമാരവും യൗവ്വനവും. അതിനോടനുബന്ധിച്ച് നമ്മൾ നടത്തുന്ന HDC പരിശീലനവും. വിശ്വാസ പരിശീലനം നേരിടുന്ന ഒരു പ്രധാനവെല്ലുവിളിയാണ് ഞായറാഴ്ചകളിൽ നടത്തപ്പെടുന്ന എൻട്രൻസ് കോച്ചിംഗ് ക്ലാസുകളും കോൺടാക്ട് ക്ലാസുകളും. ഇവ മൂലം വിശ്വാസ പരിശീലന ക്ലാസുകളിൽ സംബന്ധിക്കാത്ത കുട്ടികളെ ലക്ഷ്യംവച്ച് മതബോധന കേന്ദ്രത്തിൽ HDC കറസ്പോണ്ടൻസ് കോഴ്സ് സംഘടിപ്പിക്കുന്നു. തക്കതായ കാരണങ്ങളാൽ ഇതിൽ സംബന്ധിക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾ പ്രസ്തുത ഫോറം പൂരിപ്പിച്ച് വികാരിയച്ചന്റെയും എൻട്രൻസ് കോച്ചിംഗ് സ്ഥാപനത്തിന്റെയും പഠിക്കുന്ന സ്ഥാപനത്തിന്റെ സാക്ഷ്യപത്രവും രജിസ്ട്രേഷൻ ഫീസായ 300 രൂപ സഹിതം മതബോധന കേന്ദ്രത്തിൽ ആഗസ്റ്റ് 31 ന് മുൻപായി ഏൽപിക്കേണ്ടതാണ്. പാസ്റ്ററൽ സെന്ററിൽ താമസിച്ചാണ് രണ്ടു ദിവസത്തെ സെമിനാർ നടക്കുക. ഈ വർഷത്തെ കറസ്പോണ്ടൻസ് കോഴ്സ് ഒക്ടോബർ 23, 24 തിയ്യതികളിലും ഡിസംബർ 26നുമായിരിക്കും നടക്കുക. ഒരു ഇടവകയിൽ നിന്നും രണ്ടിൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ അവിടെത്തന്നെ അനുയോജ്യമായ സമയവും സാഹചര്യവുമൊരുക്കി വിശ്വാസപരിശീലനം നടത്തേണ്ടതാണ്.





**കയ്യെഴുത്ത് മാസികാമത്സരം**

Vമുതൽ XII വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് കയ്യെഴുത്ത് മാസിക മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. മാസികയുടെ നീളം 12 ഇഞ്ചും വീതി 9 ഇഞ്ചും ആയിരിക്കണം. വരച്ച ചിത്രങ്ങൾ അല്ലാതെ ഫോട്ടോകൾ പാടില്ല. ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി 2 രചനകൾ എങ്കിലും ഉണ്ടായിരിക്കണം.100 പേജിൽ കവിയാനും 75 പേജിൽ കുറയാനും പാടില്ല. മാസികയുടെ പേര് കഴിഞ്ഞുള്ള പേജ് ഒന്നും എഴുതാതിരിക്കാൻ ശ്രദ്ധിക്കണം. 2012 ഡിസംബർ 1-ാം തിയ്യതി ഫൊറോന ഡയറക്ടറെ കയ്യെഴുത്തു മാസിക ഏൽപ്പിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരു കയ്യെഴുത്തുമാസികയേ സ്വീകരിക്കുകയുള്ളൂ. ഫൊറോനാ തലത്തിലും രൂപതാ തലത്തിലും സമ്മാനങ്ങൾ ഉണ്ടയിരിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ്, എന്നീ ഭാഷകളിൽ രചനകൾ എഴുതാം. ഫൊറോനയിൽ നിന്നും ഒന്നാം സ്ഥാനത്തെത്തുന്ന ഒരു മാസിക മാത്രമെ രൂപതയിലേക്ക് അയയ്ക്കേണ്ടതുള്ളൂ.

**സ്റ്റാറ്റിസ്റ്റിക്സ്& ന്യൂ ടീച്ചേഴ്സ് ഫോം**

സൺഡേ സ്കൂളിന്റെ സ്റ്റാറ്റിസ്റ്റിക്സ് പുതിയ അധ്യാപകരുടെ സർവ്വീസ് ഡാറ്റാഫോം എന്നിവ ഇനിയും മതബോധന കേന്ദ്രത്തിൽ എത്തിക്കാത്തവർ എത്രയും പെട്ടെന്ന് അവ എത്തിക്കേണ്ടതാണ്.

**രൂപതാ മതബോധന കൗൺസിൽ**

ആഗസ്റ്റ് 11-ാം തിയ്യതി ശനിയാഴ്ച രൂപതാ മതബോധന കൗൺസിൽ മീറ്റിംഗ് രാവിലെ 10 മണി മുതൽ 1 മണി വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നു. രൂപതാ കൗൺസിൽ അംഗങ്ങളെല്ലാവരും പ്രസ്തുത മീറ്റിംഗിൽ സംബന്ധിക്കേണ്ടതാണ്. മതാദ്ധ്യാപക ദിനാഘോഷമാണ് ചിന്താവിഷയം.

**അദ്ധ്യാപകർക്കായുള്ള സാഹിത്യമത്സരങ്ങൾ**

മതാദ്ധ്യാപകർക്ക് കൂടുതൽ പഠിക്കുവാനും തങ്ങളുടെ സാഹിത്യവാസനകളെ വളർത്തുവാനും സഹായകമാകത്തക്കവിധത്തിൽ മതബോധന വിഷയത്തെ ആസ്പദമാക്കി സാഹിത്യമത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഉപന്യാസം കവിത, ചെറുകഥ എന്നീ രചനാമത്സരങ്ങളായിരിക്കും ഉണ്ടായിരിക്കുക.(ഉപന്യാസം 5-10 പേജുകൾ കവിത 20-40 വരികൾ, ചെറുകഥ 3.5 പേജുകൾ) **ആഗസ്റ്റ് 30 ന് മുമ്പായി ഈ രചനകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.**

**മതാദ്ധ്യാപക അവാർഡുകൾ**

രൂപതയിൽ 15,25,35 വർഷങ്ങൾ അദ്ധ്യാപനം പൂർത്തിയാക്കിയ മതാദ്ധ്യാപകർക്ക് അവാർഡുകൾ നൽകി ആദരിക്കുന്നു. അവാർഡുകൾ ലഭിക്കുന്നതിനായി പൂരിപ്പിച്ചുതരേണ്ട ഫോം മതബോധനകേന്ദ്രത്തിൽ നിന്നും വാങ്ങാ

വുന്നതാണ്. പൂരിപ്പിച്ച അപേക്ഷ ഫോം ഫോട്ടോയോടുകൂടി ആഗസ്റ്റ് 31ന് മുൻപായി മതബോധന കേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

**ഒന്നാം സെമസ്റ്റർ പരീക്ഷ**

ഞായറാഴ്ച വേദോപദേശത്തിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 7-ാം തിയ്യതി ഞായറാഴ്ച നടക്കുന്നു V മുതൽ II HDC ക്ലാസുവരെ ഒന്നാം സെമസ്റ്റർ പരീക്ഷ 100 മാർക്കിൽ ആയിരിക്കും. പഠനഭാഗം -80 മാർക്ക്, ജനറൽ ക്വിസ് - 10 മാർക്ക്, ലോഗോസ് ക്വിസ് - 10 മാർക്ക്. ഒന്നാം സെമസ്റ്ററിൽ ഇന്റേണൽ മാർക്ക് ഉണ്ടായിരിക്കുന്നതല്ല. I മുതൽ IV വരെ 80 മാർക്കിൽ ആയിരിക്കും പരീക്ഷ.

NB: English Question paper ആവശ്യമുള്ളവർ ആഗസ്റ്റ് 31 ന് മുമ്പ് എണ്ണം മതബോധന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

ജനറൽ ക്വിസ് (വിശ്വാസപരിശീലനത്തിന് ഒരു വഴികാട്ടി)

| | | |
|---|---|---|
| പഠനഭാഗം : | യു.പി. | പേജ് 155-183 |
| | എച്ച്.എസ്. | പേജ് 21-50 |
| | എച്ച്.എസ്.എസ്. | പേജ് 51- 98 |

**അധ്യാപകരുടെ ക്വിസ്മത്സരം**

അധ്യാപകർക്കായുള്ള ക്വിസ് മത്സരം രണ്ടു തലങ്ങളായാണ് നടത്തപ്പെടുന്നത്. ഇടവകകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ഒരു ടീം ഫൊറോന തലത്തിൽ മത്സരിക്കുന്നു. അവിടെ നിന്ന് വിജയികളായവരാണ് രൂപതാ തലത്തിൽ മത്സരിക്കുന്നത്. ഒക്ടോബർ 13-ാം തിയ്യതി ഫൊറോന തലവും നവംബർ 24ന് രൂപതാ തലവും നടത്തപ്പെടുന്നു. ഫൊറോനാതലത്തിൽ എഴുത്ത് പരീക്ഷയും രൂപതാ തലത്തിൽ ഓഡിയോ വിഷൻ കൂടി ഉൾപ്പെടുത്തിയുള്ള പരീക്ഷയായിരിക്കും.

പഠനഭാഗം (വിശ്വാസപരിശീലനത്തിന് ഒരു വഴികാട്ടി)

ജനറൽ ക്വിസ് - 50% (പേജ് 100-143), ബൈബിൾ - 50% (വി. മർക്കോസ് 1-16, പത്രോസ് എഴുതിയ രണ്ടാം ലേഖനം)

**കുട്ടികളുടെ ക്വിസ് മത്സരം**

U.P,HS,HSS എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിച്ചാണ് മത്സരങ്ങൾ നടക്കുന്നത്. ഇടവകയിൽ നിന്നുള്ള ഒരു ടീം ഫൊറോനയിൽ പങ്കെടുക്കുന്നു അവിടെ നിന്നും വിജയിച്ചവരാണ് രൂപതാ തലത്തിൽ യോഗ്യത നേടുക. ഒക്ടോബർ 13ന് ഫൊറോന തലവും ഡിസംബർ 8ന് രൂപതാതലവും നടത്തപ്പെടുന്നു. ഫൊറോനതല മത്സരം എഴുത്തു പരീക്ഷയായിരിക്കും.

പഠനഭാഗം : (വിശ്വാസപരിശീലനത്തിന് ഒരു വഴികാട്ടി)

ജനറൽക്വിസ് - 50% (യു.പി 155-215; എച്ച്.എസ്. 21-50, 100-132; എച്ച്.എസ്.എസ്. 51 -98, 134-149), ബൈബിൾ - 50% (വി. മർക്കോസ് 1-16, പത്രോസ് എഴുതിയ രണ്ടാം ലേഖനം)





**SMCC അവാർഡ് ഫോം**

SMCC അവാർഡിനുള്ള ഫോം എത്തിക്കേണ്ട അവസാനദിവസം ആഗസ്റ്റ് 11 ശനിയാഴ്ചയാണ്. ഫൊറോന ഡയറക്ടേഴ്സ് തങ്ങളുടെ ഫൊറോനയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോറം ശേഖരിച്ച് രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**മിഡ്ടേം പരീക്ഷയുടെ ഫലം**

ജൂലൈ 29, ഞായറാഴ്ച നടന്ന മിഡ്ടേം പരീക്ഷയുടെ ഫലം ബഹു. മാതാദ്ധ്യാപകർ രൂപതയുടെ മതബോധന വെബ്സൈറ്റിൽ ചേർക്കാൻ ശ്രദ്ധിക്കുമല്ലോ.

**റെഗുലർ സ്കൂൾ അധ്യാപക സെമിനാർ**

കുട്ടികൾക്ക് മൂല്യാധിഷ്ഠിതവും സാന്മാർഗ്ഗികവുമായ വളർച്ചക്ക് സഹായിക്കുന്നതിനായി റെഗുലർസ്കൂൾ അധ്യാപകർക്കായി മേഖലാടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു.

സെമിനാർ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ഒക്ടോ. 13 | ശനി | 10am to 4pm | താവളം മേഖല (സെന്റ് പീറ്റേഴ്സ് സ്കൂൾ, കൂക്കംപാളയം) |

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

## ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ് 2012**

രക്ഷകനും നാഥനുമായ യേശുക്രിസ്തുവിനെ ആഴത്തിൽ അറിയുക, വി.ഗ്രന്ഥം പ്രാർത്ഥനാപൂർവ്വം പഠിക്കുക എന്നീ ലക്ഷ്യങ്ങളോടെ കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും സംയുക്താഭാമുഖ്യത്തിൽ കേരളത്തിലെ എല്ലാ രൂപതകളെയും പങ്കെടുപ്പിച്ചുകൊണ്ട് മലയാളത്തിലും ഇംഗ്ലീഷിലുമായി നടത്തപ്പെടുന്ന വ്യക്തിഗത ബൈബിൾ ക്വിസ് എഴുത്തുപരീക്ഷയാണ് ലോഗോസ് ക്വിസ് 2012.

**ലോഗോസ് ക്വിസ് 2012 ന്റെ സവിശേഷതകൾ**

മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D, E, F എന്നീ 6 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണ്ണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിലായിരിക്കും.

**A. വിഭാഗം-01-01-2001 ന് ശേഷം ജനിച്ചവർ**

**B. വിഭാഗം-01-01-1996 നും 31.12.2000 നും ഇടക്ക് ജനിച്ചവർ**

**C. വിഭാഗം-01-01-1981 നും 31.12.1995 നും ഇടക്ക് ജനിച്ചവർ**

**D. വിഭാഗം-01-01-1961 നും 31.12.1980 നും ഇടയ്ക്ക് ജനിച്ചവർ.**

**E. വിഭാഗം-01-01-1948 നും 31-12-1960 നും ഇടയ്ക്ക് ജനിച്ചവർ.**

**F. വിഭാഗം-31-12-1947 ന് മുമ്പ് ജനിച്ചവർ.**

**മത്സരത്തിനുള്ള പാഠഭാഗങ്ങൾ.**

1. പുറപ്പാട് 25-40
2. വി. മർക്കോസ് 1-16
3. പത്രോസ് എഴുതിയ രണ്ടാം ലേഖനം.

പഠനത്തിനായി ഉപയോഗിക്കേണ്ടത് പി. ഒ. സി ബൈബിളും ഇംഗ്ലീഷിന് NRSV (Catholic Edition) ബൈബിളുമാണ്. പരീക്ഷാ സമയം രൂപതാതലത്തിൽ 2012 സെപ്റ്റംബർ 30-ാം തിയ്യതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 4.00വരെയായിരിക്കും.

അഖില കേരള മത്സര പരീക്ഷയിൽ പങ്കെടുക്കാനുള്ളവരുടെ ജനന സർട്ടിഫിക്കറ്റും (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്) ഇപ്പോഴത്തെ അഡ്രസ്സും ഓരോ ഫോട്ടോയും രൂപതാ ഡയറക്ടർമാർ നവംബർ 1 ന് മുൻപായി പി.ഒ.സിയിൽ എത്തിച്ചിരിക്കണം. രൂപതാതല വിജയികൾക്കായുള്ള (3x5=15) സംസ്ഥാനതല മത്സരം പി.ഒ.സിയിൽ വച്ച് 2012 നവംബർ 25 ന് രാവിലെ 10.00 മുതൽ ആയിരിക്കും.

**സമ്മാനങ്ങൾ**

ആകർഷകമായ ക്യാഷ് അവാർഡുകൾ ഷീൽഡുകൾ പുസ്തകങ്ങൾ സ്വർണ്ണമെഡലുകൾ ട്രോഫികൾ, കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നൽകപ്പെടുന്നു. ഈ വർഷം ലോഗോസ് പ്രതിഭക്ക് വിശുദ്ധനാട് തീർത്ഥാടനവും ഉണ്ടായിരിക്കുന്നതാണ്.

രൂപതാ തലത്തിൽ 1, 2, 3 റാങ്ക് ലഭിക്കുന്നവർക്ക് 4, 5 സ്ഥാനം ലഭിക്കുന്നവർക്കും സണ്ടേസ്കൂൾതലം V മുതൽ II HDC വരെയുള്ള ഓരോ ക്ലാസ്സിലെയും 1, 2, 3 സ്ഥാനക്കാർക്കും കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും 100% പരീക്ഷ എഴുതിയ സണ്ടേസ്കൂളുകൾക്കും ട്രോഫിയും സമ്മാനവും നൽകുന്നതാണ്. രൂപതാതല രജിസ്ട്രേഷന്റെ എണ്ണമനുസരിച്ച് സമ്മാനങ്ങളുടെ തുക ക്രമീകരിക്കുവാൻ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർമാർക്ക് അധികാരമുണ്ടായിരിക്കും.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്





# ABA അൾത്താരസംഘം

**അൾത്താര സംഘം സെമിനാറുകൾ**

എല്ലാ വർഷങ്ങളിലേതുപോലെ ഈ വർഷവും അൾത്താര ബാലന്മാർക്കായി സെമിനാറുകൾ ഫൊറോന തിരിച്ച് സംഘടിപ്പിക്കുന്നതാണ്. സെമിനാറുകളുടെ തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആഗസ്റ്റ് 04 | ശനി | 9.30 am to 4.00 pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 11 | ശനി | 9.30 am to 4.00 pm | മംഗലംഡാംഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 20 | തിങ്കൾ | 9.30 am to 4.00 pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 25 | ശനി | 9.30 am to 4.00 pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം.01 | ശനി | 9.30 am to4.pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| സെപ്റ്റം.22 | ശനി | 9.30 am to 4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| സെപ്റ്റം. 29 | ശനി | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| നവം. 03 | ശനി | 9.30 am to 4.00 pm | മേലാർക്കോട് ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| നവം. 13 | ചൊവ്വ | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |

**അൾത്താര സംഘം ക്വിസ് മത്സരം**

ഈ വർഷവും അൾത്താര ബാലന്മാർക്കായി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ജൂനിയർ (5, 6, 7) സീനിയർ (8-12) വിഭാഗങ്ങളിൽ നിന്നും ഓരോ ടീമിന് ഫൊറോനയിൽ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കാം. പഠന ഭാഗം വിശ്വാസപരിശീലനത്തിനൊരു വഴികാട്ടി

| | | |
|---|---|---|
| (പേജ് 82-99, 142-170) | - | 50 മാർക്ക് |
| കുർബാനപുസ്തകം | - | 15 മാർക്ക് |
| ലോഗോസ് പഠനഭാഗം | - | 25 മാർക്ക് |
| അൾത്താരശുശ്രൂഷകർ | - | 10 മാർക്ക് |

ഫൊറോനതല മത്സരം ഒക്ടോബർ 26 വെള്ളി - ഫൊറോന കേന്ദ്രങ്ങളിൽ.
രൂപതാതല മത്സരം ഡിസംബർ 1 ശനി - പാസ്റ്ററൽ സെന്റർ.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ അൾത്താരസംഘം



# തിരുബാലസഖ്യം

**ഓർമ്മിക്കാൻ**

ആഗസ്റ്റ് 4 – വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ

ആഗസ്റ്റ് 15 – സ്വർഗ്ഗാരോപണ തിരുനാളും ഭാരത സ്വാതന്ത്ര്യദിനവും

ആഗസ്റ്റ് 4-ാം തിയ്യതി കുഞ്ഞുങ്ങൾ വികാരിയച്ചന് തിരുനാൾ മംഗളങ്ങൾ നേരുകയും പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ.

ആഗസ്റ്റ് 15ന്റെ പ്രാധാന്യത്തെക്കുറിച്ച് കുഞ്ഞുങ്ങളെക്കൊണ്ട് കൊച്ചുപ്രസംഗം ഒരുക്കി പറയിപ്പിക്കുന്നത് നല്ലതാണ്.

**ഫൊറോന സെമിനാറുകൾ മുന്നേറുന്നു**

ഈ വർഷത്തെ ഫൊറോന സെമിനാറുകൾക്ക് കൂടുതൽ കുഞ്ഞുങ്ങൾ കടന്നുവരുന്നു എന്നത് സന്തോഷപ്രദമാണ്. പഠനത്തിന്റെയും പ്രാർത്ഥനയുടെയും ഈ അവസരം നഷ്ടമാക്കാതെ കുഞ്ഞുങ്ങളെ കൊണ്ടുവരുന്ന എല്ലാ അച്ചന്മാർക്കും ആനിമേറ്റേഴ്സിനും ഒത്തിരി നന്ദി.

മണ്ണാർക്കാട് ഫൊറോനയുടെ സെമിനാർ പെരിമ്പടാരി ദൈവാലയ പാരിഷ് ഹാളിൽവെച്ച് 30.06.2012ന് നടത്തപ്പെട്ടു. ഫൊറോന തിരുബാലസഖ്യം ഡയറക്ടർ ഫാ. ബിജു മുരിങ്ങക്കുടിയിൽ ഉദ്ഘാടനം നിർവ്വഹിച്ച പ്രസ്തുത സെമിനാറിൽ ബഹു. ആനിമേറ്റേഴ്സും 130 കുട്ടികളും പങ്കെടുത്തു. രൂപതാ ഡയറക്ടർ ഫാ. ജോമി തേക്കുംകാട്ടിൽ, രൂപതാ ആനിമേറ്റർ സി. സ്റ്റെഫി ഒ.എസ്.എഫ്., ഫാ. ജോഷി പുത്തൻപുരയിൽ, ബ്ര. ആന്റണി തേക്കാനത്ത് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**തുടർന്നു വരുന്ന സെമിനാറുകൾ**

| | | | |
|---|---|---|---|
| ആഗസ്റ്റ് 04 | ശനി | 9.30 am to 4.00 pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 11 | ശനി | 9.30 am to 4.00 pm | മംഗലംഡാംഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 20 | തിങ്കൾ | 9.30 am to 4.00 pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 25 | ശനി | 9.30 am to 4.00 pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം.01 | ശനി | 9.30 am to4.pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| സെപ്റ്റം.22 | ശനി | 9.30 am to 4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |





| | | | |
|---|---|---|---|
| സെപ്റ്റം. 29 | ശനി | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| നവം. 03 | ശനി | 9.30 am to 4.00 pm | മേലാർക്കോട് ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| നവം. 13 | ചൊവ്വ | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# ചെറുപുഷ്പ മിഷൻ ലീഗ്

ഈശോയിൽ പ്രിയ കുഞ്ഞുമിഷനറിമാരേ,

സംഘടനാപ്രവർത്തനങ്ങൾ നന്നായി നടക്കുന്നുവെന്ന് കരുതുന്നു. ഇക്കഴിഞ്ഞ ജൂലൈ മാസത്തിൽ ഒറ്റപ്പാലം, പൊന്നംകോട് മേഖലകളിൽ ഏകദിനസെമിനാറുകൾ നടത്തപ്പെടുകയുണ്ടായി.

ജൂലൈ 14-ാം തിയ്യതി രണ്ടാം ശനിയാഴ്ച നടത്തപ്പെട്ട ഒറ്റപ്പാലം ഏകദിന സെമിനാർ ഫൊറോന വികാരി പെരി. ബഹു. ഡേവിസ് ചക്കുംപീടിക അച്ചൻ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ശ്രീ. ഷാജി കരിമ്പിൽ സെമിനാറിനു മുന്നോടിയായി സംഘടനയുടെ പതാകയുയർത്തി. തുടർന്ന് ഉദ്ഘാടന സമ്മേളനത്തിൽ മേഖലാ ഡയറക്ടർ ഫാ. ബിജോയ് ചോതിരക്കോട്ട് ഏവരേയും ഹൃദയപൂർവ്വം സ്വാഗതം ചെയ്തു. രൂപതാ വൈസ് പ്രസിഡന്റ് കുമാരി. ജൂഹി എൽസ് ജോർജ്ജ് ആശംസകളർപ്പിച്ചു. തുടർന്ന് രൂപതാ സമിതിയുടെ നേതൃത്വത്തിലുള്ള ടീം ക്ലാസ്സുകൾ നയിച്ചു. ഒറ്റപ്പാലം ഫൊറോന ദൈവാലയത്തിൽ വെച്ച് നടത്തപ്പെട്ട സെമിനാറിൽ 250 അംഗങ്ങൾ പങ്കെടുത്തു. ശാഖാ ഡയറക്ടർ റവ. ഫാ. മാർട്ടിൻ ഏറ്റുമാനൂക്കാരൻ സെമിനാറിൽ സന്നിഹിതനായിരുന്നു.

ജൂലൈ 18-ാം തിയ്യതി പൊന്നംകോട് മേഖലാ ഏകദിനസെമിനാർ ഫൊറോന വികാരി പെരി. ബഹു. പീറ്റർ കുരുതുകുളങ്ങര അച്ചൻ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. ഷാജി കരിമ്പിൽ പതാകയുയർത്തി. മേഖലാ ഡയറക്ടർ റവ. ഫാ. ആന്റോ തൈക്കാട്ടിൽ ഏവരേയും സെമിനാറിലേക്ക് സ്വാഗതം ചെയ്തു. രൂപതാ സമിതിയുടെ നേതൃത്വത്തിലുള്ള ടീം ക്ലാസ്സുകൾ നയിച്ചു.

സംഘടനാ പ്രവർത്തനത്തെ ശരിയായ വിധത്തിൽ മനസ്സിലാക്കുന്നവയും പ്രേഷിതാഭിമുഖ്യത്തെ വളർത്തുകയും ചെയ്യുന്നതായിരുന്നു ക്ലാസ്സു

കൾ എന്ന് പങ്കെടുത്ത അംഗങ്ങൾ പങ്കുവെച്ചു.

**മിഷൻ പ്രാർത്ഥനാദിനം**

പ്രേഷിതവർഷ സമാപനത്തോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ ഭാരതത്തിലെ പ്രേഷിത പ്രവർത്തനങ്ങളെ സമർപ്പിച്ചുകൊണ്ട് ആഗസ്റ്റ് 11-ാം തിയ്യതി മിഷൻ പ്രാർത്ഥനാദിനമായി ആചരിക്കുന്നു.

11-ാം തിയ്യതി രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിക്കുന്ന പരിപാടിയിലേക്ക് ഒരു ഇടവകയിൽ നിന്നും 10 പേർക്കാണ് പങ്കെടുക്കാൻ അവസരം. കത്തീഡ്രൽ പള്ളിയങ്കണത്തിൽവെച്ച് നടത്തപ്പെടുന്ന പ്രസ്തുത പരിപാടിയിലേക്ക് എല്ലാ ഡയറക്ടർമാരെയും, വൈസ് ഡയറക്ടർമാരെയും, ആനിമേറ്റേഴ്സിനെയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

ഈ പരിപാടിക്കു മുന്നോടിയായി എല്ലാ മേഖലാ ഡയറക്ടർമാരും വൈസ് ഡയറക്ടർമാരും ആനിമേറ്റേഴ്സും മേഖലാ ഭാരവാഹികളും ഈ വരുന്ന ആഗസ്റ്റ് 4-ാം തിയ്യതി ഉച്ചക്ക് 2.00 മണിക്ക് രൂപതാ കേന്ദ്രത്തിൽവെച്ചു നടത്തപ്പെടുന്ന മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

**കുഞ്ഞേട്ടൻ ചരമവാർഷികം, അനുസ്മരണം**

സംഘടനാ സ്ഥാപകനേതാവായ ബഹു. കുഞ്ഞേട്ടന്റെ ചരമവാർഷികവും അനുസ്മരണവും ശാഖകകളിൽ സമുചിതമായി നടത്തേണ്ടതാണ്. അന്നേദിവസം വിശുദ്ധ ബലിയിൽ പങ്കെടുത്ത് കുഞ്ഞേട്ടന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**സുകൃതജപം :** സ്വർഗ്ഗാരോപിതയായ പരി. മറിയമേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.

**ഫാ. നിലേഷ് തുരുത്തുവേലിൽ**
ഡയറക്ടർ, സി. എം. എൽ.

## കെ. സി. വൈ. എം

**രൂപതാ അർദ്ധവാർഷിക സെനറ്റ്**

നവസുവിശേഷവത്കരണം നവയുഗസൃഷ്ടിക്ക് എന്ന പഠന പ്രവർത്തനവിഷയത്തിലൂന്നി കെ.സി.വൈ.എം. പാലക്കാട് രൂപതാസമിതിയുടെ ആറു മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വിശകലനം ചെയ്യുന്നതിനും പ്രവർത്തനങ്ങൾ കൂടതൽ ഊർജസ്വലതയോടെ നടത്താനുമായി രൂപതയിലെ യുവജന നേതാക്കൾ 2012 ആഗസ്റ്റ് 10,11 തിയ്യതികളിൽ രൂപതാ പാസ്റ്ററൽ സെന്ററിൽ ഒരുമിച്ചു കൂടുന്നു. 10-ാം തിയ്യതി വെള്ളിയാഴ്ച





വൈകുന്നേരം 5 മണിക്ക് ആരംഭിക്കുന്ന സെനറ്റ് 11-ാം തിയ്യതി ശനിയാഴ്ച 3 മണിയോട് കൂടി സമാപിക്കും.

**സെനറ്റിൽ പങ്കെടുക്കേണ്ടവർ ശ്രദ്ധിക്കേണ്ടത്**

1) വികാരിയച്ചന്റെ സാക്ഷ്യപത്രം
2) ഒരു യൂണിറ്റിൽ നിന്ന് പങ്കെടുക്കേണ്ടത് 5 ഭാരവാഹികൾ (മൂന്ന് ആൺകുട്ടി, രണ്ട് പെൺകുട്ടി), ആനിമേറ്റർമാർ
3) രജിസ്ട്രേഷൻ ഫീ ഓരോ യൂണിറ്റിനും 250 രൂപ
4) സെനറ്റിൽ ആദ്യാവസാനം യുവജനങ്ങൾ പങ്കെടുക്കേണ്ടതാണ്

**YEAST**

'YEAST' കഴിഞ്ഞ സെക്ഷന് നേതൃത്വം നല്കിയത് മാത്യു ഇല്ലത്തുപറമ്പിൽ അച്ചനാണ്. മരണാനന്തരജീവിതത്തെകുറിച്ചു ചോദ്യോത്തര ശൈലിയിൽ നടത്തിയ ക്ലാസ് ഏറെ അറിവുപകരുന്നതായിരുന്നു. അടുത്ത സെക്ഷൻ ഫാ. ജെയ്മോൻ പള്ളിനീരാക്കൽ, ശ്രീ സന്തോഷ് അറയ്ക്കൽ എന്നിവർ കൈകാര്യം ചെയ്യും. എല്ലാ YEAST അംഗങ്ങളും മുടങ്ങാതെ പങ്കെടുക്കുമല്ലോ.

**യുവജനദിനാഘോഷം**

കേരള കത്തോലിക്കാ യുവജനപ്രസ്ഥാനത്തിന്റെ യുവജനദിനാഘോഷം പാലക്കാട് ഫൊറോനയുടെ ആഭിമുഖ്യത്തിൽ ഡിവൈൻ പ്രൊവിഡൻസ് പള്ളിയിൽ വച്ച് ജൂലൈ 15 ഞായറാഴ്ച നടത്തപ്പെടുകയുണ്ടായി. കെ.സി.വൈ.എം രൂപതാ ഡയറക്ടർ ഫാ. ടോം ജി. വടക്കേക്കര യുവജനങ്ങളെ സമർപ്പിച്ച് ദിവ്യബലിയർപ്പിച്ചു.

പൊതുസമ്മേളനം മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ശ്രീ. അനൂപ് വർക്കി ഉദ്ഘാടനം ചെയ്തു. പരിപാടിയിൽ ശ്രീ. ക്ലിന്റോ പോൾ അദ്ധ്യക്ഷനായിരുന്നു. ഫാ. സീജോ കാരിക്കാട്ടിൽ, ഫാ. ഡൊമനിക് ഐപ്പൻപറമ്പിൽ, സി. കാതറിൻ, സി. ക്രിസ്റ്റി, കുമാരി അനിറ്റ എന്നിവർ പ്രസംഗിച്ചു. പരിപാടികൾക്ക് ചുക്കാൻ പിടിച്ച പാലക്കാട് ഫൊറോന സമിതിക്കും ചന്ദ്രനഗർ യൂണിറ്റിനും പാലക്കാട് രൂപതാ സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി.

**ഫാ. ടോം ജി. വടക്കേക്കര**
ഡയറക്ടർ, കെ.സി.വൈ.എം.

## മാതൃസംഘം

**ആഗസ്റ്റ് മാസത്തിലെ പ്രവർത്തനങ്ങൾ**

- നാഥനില്ലാതെയോ...
- പിതൃസംഘം രൂപീകരണം

ആഗസ്റ്റ് 15 - പിതാക്കന്മാർക്കായി ഏകദിന കൂട്ടായ്മ (യൂണിറ്റുതലത്തിൽ)
- പരിശുദ്ധ അമ്മയും വിശ്വാസജീവിതവും
- കൂദാശാ ജീവിതത്തിൽ വിശ്വാസത്തിന്റെ പ്രസക്തി

ഫൊറോന സെമിനാർ - മണ്ണാർക്കാട് ഫൊറോന
- ഫൊറോന എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തുക

ആഗസ്റ്റ് 31 - മാതൃസംഘം ഫൊറോനാതല സാഹിത്യ മത്സരം

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം

## ഫാമിലി അപ്പോസ്തലേറ്റ്

**പ്രീകാന കോഴ്സ്**

**2012 ആഗസ്റ്റ് 6, 7, 8, 9** തിയ്യതികളിൽ, **സെപ്റ്റം. 3, 4, 5, 6** തിയ്യതികളിൽ മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു.

കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.



## നവീകരണ മുന്നേറ്റം

* നവീകരണമുന്നേറ്റത്തിന്റെ മുഖപത്രമായ ജീവജ്വാലയുടെ ശാക്തീകരണത്തിനും പ്രചരണത്തിനുമായി 2012 ആഗസ്റ്റ് 5 മുതൽ 11 വരെ ജീവവാരം ഒരുക്കുന്നു. പാലക്കാട് സോണിലെ എല്ലാ ഇടവക പ്രാർത്ഥനാ ഗ്രൂപ്പുകളിലും നവീകരണ പ്രവർത്തനങ്ങളെ സ്നേഹിക്കുന്നവർക്കും ആത്മീയതയുടെ ആഴങ്ങളിലേക്ക് കടന്നുപോകുന്നതിന് ജീവജ്വാല ഉപകരിക്കും .ജീവജ്വാല വായിക്കുക വരിക്കാരാവുക സഭയോട് ഉൾച്ചേരുക. എല്ലാവരുടേയും സഹകരണവും പ്രാർത്ഥനയും പ്രതീക്ഷിക്കുന്നു.

* 2012 ആഗസ്റ്റ് 25 ശനിയാഴ്ച രാവിലെ 9.30 മുതൽ 3.30 വരെ പാലക്കാട് പാസ്റ്ററൽ സെന്ററിൽ ദമ്പതി കൺവെൻഷൻ നടത്തുന്നു. സോണിലെ എല്ലാ ദമ്പതികളേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു

* ദേശീയ കത്തോലിക്ക കരിസ്മാറ്റിക് കൺവെൻഷൻ 2012 നവംബർ 12 മുതൽ 15 വരെ ഗോവയിൽവെച്ച് നടക്കുന്നു. പാലക്കാട് സോണിൽ നിന്ന് 30 ഓളം പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ദേശീയ കൺവെൻഷന്റെ വിജയത്തിനുവേണ്ടിയും പ്രത്യേകിച്ച് പാലക്കാട് സോണിൽ നിന്ന് പങ്കെടുക്കുന്നവർക്ക് വേണ്ടിയും എല്ലാവരുടേയും പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

* 2012 ഡിസംബർ 6, 7, 8 (വ്യാഴം, വെള്ളി, ശനി) തിയ്യതികളിൽ പാലക്കാട് സോണൽ ഗ്രാന്റ് കോൺഫറൻസ് പാസ്റ്ററൽ സെന്ററിൽവെച്ച് നടത്തുന്നു. നവീകരണ മുന്നേറ്റത്തെ സ്നേഹിക്കുന്ന എല്ലാവരേയും ഈ കോൺഫറൻസിലേക്ക് ക്ഷണിക്കുന്നു.

* എല്ലാ സബ്സോണിലേയും മധ്യസ്ഥപ്രാർത്ഥന ശുശ്രൂഷകൾ ശക്തിപ്പെടുത്തുവാൻ ആവശ്യമായ കാര്യങ്ങൾ സബ്സോൺ കോർഡിനേറ്റർ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഇപ്പോൾ നടക്കുന്ന മധ്യസ്ഥ പ്രാർത്ഥനയുടെ ദിവസങ്ങൾ താഴെ പറയുന്നു.

| | | | |
|---|---|---|---|
| ചൊവ്വ | - | മണ്ണാർക്കാട് | - ടൗൺപള്ളി |
| ബുധൻ | - | കാഞ്ഞിരപ്പുഴ | - ഫൊറോന പള്ളി |
| വ്യാഴം | - | മേലാർകോട് - വടക്കഞ്ചേരി | - വള്ളിയോട് |
| വെള്ളി | - | പാലക്കാട് | - പാസ്റ്ററൽ സെന്റർ |
| ശനി | - | ഒറ്റപ്പാലം | - |

* പാലക്കാട് സോണിലെ നേതൃത്വനിരയിലുള്ളവർക്കായി നടത്തുന്ന ഒരു വർഷം നീണ്ടു നിൽക്കുന്ന ZUME Programme ആത്മീയ ഉണർവു നൽകിക്കൊണ്ട് മുന്നോട്ട് പോകുന്നു. അടുത്ത ക്ലാസ് 2012 ആഗസ്റ്റ് 17,18 ദിവസങ്ങളിൽ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തുന്നു.

* ഈ മാസത്തെ ജാഗരണപ്രാർത്ഥന 2012 ആഗസ്റ്റ് 31 ന് പാലക്കാട് കത്തീഡ്രിലിൽ വെച്ച് നടത്തുന്നു. രാത്രി 7.30 മുതൽ 5,00 മണിവരെ

എല്ലാവർക്കും പരിശുദ്ധ അമ്മയുടെ സ്വർഗാരോപണ തിരുനാളിന്റേയും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനാശംസകളും പ്രാർത്ഥനാപൂർവ്വം നേരുന്നു.

**ഫാ. റെനി പുല്ലുകാലായിൽ**
ഡയറക്ടർ, നവീകരണമുന്നേറ്റം



## ക്രിസ്റ്റീൻ വാർത്തകൾ

**അവധിക്കാല ധ്യാനം**

2012 ആഗസ്റ്റ് മാസം 26-ാം തിയ്യതി മുതൽ മുണ്ടൂർ യുവക്ഷേത്രയിൽവെച്ച് ബഹു. റെനി പുല്ലുകാലായിലച്ചന്റെ നേതൃത്വത്തിൽ 8-ാം ക്ലാസ്സ് മുതൽ +2 വരെ പഠിക്കുന്ന കുട്ടികൾക്കായി ക്രിസ്റ്റീൻ ധ്യാനം നടത്തപ്പെടുന്നു. ധ്യാനം 26ന് വൈകുന്നേരം 4.00 മണിക്ക് ആരംഭിച്ച് 31ന് രാവിലെ 9.00 മണിക്ക് അവസാനിക്കുന്നതായിരിക്കും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ

ഓഗസ്റ്റ് 10-ാം തിയ്യതിക്ക് മുമ്പായി പേര് രജിസ്റ്റർ ചെയ്യുമല്ലോ. ധ്യാനത്തിന്റെ ഫീസ് 500 രൂപയാണ്. കൂടുതൽ വിവരങ്ങൾക്ക് പാലക്കാട് പാസ്റ്ററൽ സെന്റ റിലുള്ള ഓഫീസുമായി ബന്ധപ്പെടുക ഫോൺ-0491-2004097 (സമയം : രാവിലെ 10നും 3.00 മണിക്കും ഇടയിൽ)

**ഫാ. റെനി പുല്ലുകാലായിൽ**

ഡയറക്ടർ, ക്രിസ്റ്റിൻ മൂവ്മെന്റ്



## സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| മാസം | തീയതി | ധ്യാനം നയിക്കുന്നത് |
|---|---|---|
| ആഗസ്റ്റ് | 5-10 | വൈദികരുടെ ധ്യാനം<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ആഗസ്റ്റ് | 12-17 | ആന്തരികസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ആഗസ്റ്റ് | 19-25 | സിസ്റ്റേഴ്സിന്റെ ധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ആഗസ്റ്റ് | 26-31 | ആന്തരികസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |

50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 04924 - 327710

**സെഹിയോൻ കൺവെൻഷൻസ്**

ആഗസ്റ്റ് 19 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www sehion.org/ web TV

**ഫാ. സേവ്യർഖാൻ വട്ടായിൽ.**

ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.





## പി. എസ്. എസ്. പി.

**ജില്ല വിമൻസ് ഫെഡ് മീറ്റിംഗ്**

01.08.2012 ന് ബുധനാഴ്ച രാവിലെ 11 മണിക്ക് പി.എസ്.എസ്.പിയിൽ വച്ച് ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ് നടത്തപ്പെടുന്നു.

**ബ്ലോക്കു ഫെഡ് മീറ്റിംഗുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 8.8.12 | ബുധൻ | മണ്ണാർക്കാട് | വെള്ളത്തോട് | 11am |
| 9.8.12 | വ്യാഴം | ശ്രീകൃഷ്ണപുരം | കോണിക്കഴി | 11am |
| 10.8.12 | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി | 2.pm |
| 13.8.12 | തിങ്കൾ | പാലക്കാട്, മലമ്പുഴ | പാസ്റ്ററൽ സെന്റർ | 11am |
| 18.8.12 | ബുധൻ | നെന്മാറ | പാരിഷ്ഹാൾ | 11am |
| 20.8.12 | ബുധൻ | ആലത്തൂർ | FCC വടക്കഞ്ചേരി | 11am |

**റീജിയണൽ ഓഫീസ് മീറ്റിംഗുകൾ**

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 16.8.12 | വ്യാഴം | കരിമ്പ പാരിഷ്ഹാൾ | 11am to 2pm |
| 18.8.12 | ശനി | നെന്മാറ പാരിഷ്ഹാൾ | 11am to 2pm |
| 20.8.12 | തിങ്കൾ | ഗൂളിക്കടവ് അട്ടപ്പാടി | 11am to 2pm |
| 21.8.12 | ചൊവ്വ | സാൻജോടവർ, പാലക്കാട് | 10am to 2pm |
| 22.8.12 | ബുധൻ | FCC വടക്കഞ്ചേരി | 11am to 2pm |

**ഓണാഘോഷം**

ജില്ലാതല ഓണാഘോഷം വിവധ പരിപാടികളോടെ 25.08.12 ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെടുന്നു.

**ബ്ലോക്കുതല ഓണാഘോഷങ്ങൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം |
|---|---|---|---|
| 23.8.12 | വ്യാഴം | പാലക്കാട്/മലമ്പുഴ | കൊടുന്തിരപ്പുള്ളി പാരിഷ്ഹാൾ |
| 31.8.12 | വെള്ളി | മണ്ണാർക്കാട് | കാഞ്ഞിരപ്പുഴ പാരിഷ്ഹാൾ |
| 1.9.12 | ശനി | ശ്രീകൃഷ്ണപുരം | പുലാപ്പറ്റ പാരിഷ്ഹാൾ |
| 3.9.12 | തിങ്കൾ | നെന്മാറ | നെന്മാറ സ്കൂൾ |

**ചക്ക@365**

ചക്ക ഒരു നേരത്തെ പ്രധാന ആഹാരമാക്കുക എന്ന ലക്ഷ്യത്തോടെ പി.എസ്.എസ്.പി നടത്തിവരുന്ന പരിശീലനപരിപാടി ആഗസ്റ്റ് 3 വെള്ളിയാഴ്ച മലമ്പുഴ മഹിളാസമാജത്തിൽ വച്ചു നടത്തുന്നു.

**സേവ് എ ഫാമിലി പ്ലാൻ**

**സേവ് എ ഫാമിലി റീജിയണൽ മീറ്റിംഗുകൾ**

ആലത്തൂർ റീജിയണിലെ സേവ് എ ഫാമിലി ഗുണഭോക്താക്ക

ളുടെ റീജിയണൽ മീറ്റിംഗ് ഓഗസ്റ്റ് 11-ാം തിയ്യതി രാവിലെ 10 മണിമുതൽ 1 മണിവരെ വടക്കഞ്ചേരി ലൂർദ്ദ്മാത ഫൊറോന പാരിഷ് ഹാളിലും പാല ക്കാട് ഒറ്റപ്പാലം റീജിയണുകളുടെ മീറ്റിംഗ് സംയുക്തമായി രാവിലെ 10 മണി മുതൽ 1 മണിവരെ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ചും അട്ടപ്പാടി റീജി യണൽ മീറ്റിംഗ് ആഗസ്റ്റ് 24-ാം തിയ്യതി ഗൂളിക്കടവ് റീജിയണൽ ഓഫീ സിൽവെച്ചും നടത്തപ്പെടുന്നു.

# കെ.എൽ.എം. പാലക്കാട്

**കെ.എൽ.എം. ലീഡേഴ്സ് ട്രെയ്നിംഗും ജില്ലാസമിതി രൂപീകരണവും**

കേരള ലേബർ മൂവ്മെന്റിന്റെ യൂണിറ്റുതല പ്രവർത്തനങ്ങളും സാമൂഹ്യ സുരക്ഷാപ്രവർത്തനങ്ങളും ഊർജ്ജിതമായി നടന്നുവരുന്നു. യൂണിറ്റുതല പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കു ന്നതിനും ലീഡേഴ്സിനെ ശാക്തീകരിക്കുന്നതിനും, ജില്ലയിലാദ്യമായി ഒരു ജില്ലാതല കെ.എൽ.എം. ഭരണ സമിതി രൂപീകരിക്കുന്നതിനുമായി ആഗസ്റ്റ് 19 ഞായറാഴ്ച രാവിലെ 11 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ ഒരു ശാക്തീക രണ ക്ലാസ്സും ജില്ലാതല ഭാരവാഹി തെരഞ്ഞെടുപ്പും നടത്തുവാൻ നിശ്ചയി ച്ചിരിക്കുന്നു. പ്രസ്തുത പരിപാടിയുടെ സമാപന സമ്മേളനം അഭിവന്ദ്യ പിതാവ് മാർ ജേക്കബ് മനത്തോടത്ത് ഉദ്ഘാടനം ചെയ്യുന്നതാണ്. കെ. എൽ.എം. സംസ്ഥാന ഭാരവാഹികൾ ക്ലാസ്സുകൾക്ക് നേതൃത്വം നല്കുന്ന താണ്.

**കെ.എൽ.എം. - സി.ആർ.ഐ. സംയുക്ത പ്രവർത്തനം**

21.07.12 ശനിയാഴ്ച മേഴ്സി കോളേജ് ഓഡിറ്റോറിയത്തിൽവെച്ച് നടന്ന സി.ആർ.ഐ. സമ്മേളനത്തിൽവെച്ച് കെ.എൽ.എം. ഡയറക്ടർ സാമൂഹ്യ സുരക്ഷാപദ്ധതികളെക്കുറിച്ച് വിശദീകരിക്കുകയും സന്യസ്ത സ്ഥാപന ങ്ങളിലെ വിവിധ തലങ്ങളിലുള്ള ജോലിക്കാരെ സുരക്ഷാ പെൻഷൻ സ്കീം, ക്ഷേമനിധി എന്നീ പദ്ധതികളിലേക്ക് ചേർക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തി രുന്നു. തുടർ സഹകരണങ്ങൾ വേണ്ട സ്ഥാപനങ്ങൾ കോൺഗ്രിഗേഷൻ തലത്തിൽ പി.എസ്.എസ്.പി. ഓഫീസുമായോ 9447020395 എന്ന നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.





# From the Bishop's Diary

**2012 ജൂൺ**

16 - വിദേശത്തുനിന്നും തിരിച്ചെത്തി

17 - എറണാകുളം ലിസി ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

18 - എറണാകുളം അരമനയിൽ അഭിവന്ദ്യ പിതാക്കന്മാരെ സന്ദർ ശിച്ചു.

19 - സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

20 - സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

21 - മേഴ്സി കോളേജിൽ സി.ആർ.ഐ. സമ്മേളനം ഉദ്ഘാടനം ചെയ്തു.

- മേഴ്സി കോളേജിലും മഠത്തിലും സേവനമുഷ്ഠിച്ചിരുന്ന മേരി ച്ചേടത്തിയുടെ മൃതദേഹ സംസ്ക്കാര ശുശ്രൂഷകൾക്ക് കാർമ്മി കത്വം വഹിച്ചു.

22 - നാമഹേതുക തിരുനാൾ മംഗളങ്ങൾ നേരാൻ വന്നവരെ സ്വീക രിച്ചു.

23 - ബിഷപ്സ് ഡേ പ്രാമണിച്ച് കല്ലേപ്പുള്ളി മൈനർ സെമിനാരി യിൽ വി. കുർബാനയർപ്പിച്ചു. സമ്മേളനത്തിൽ സംബന്ധിച്ചു.

24 - നാമഹേതുക തിരുനാൾ മംഗളങ്ങൾ നേരാൻ വന്നവരെ സ്വീക രിച്ചു.

25 - അരമനയിൽ ബഹു. വൈദികരുടെ മാസധ്യാനത്തിൽ സംബ ന്ധിച്ചു.

26 - അരമനയിൽ നടന്ന ഇന്റർകൂരിയാ മീറ്റിംഗിൽ സംബന്ധിച്ചു.

27 - പാല അരമനയിൽ അഭിവന്ദ്യ പിതാക്കന്മാരെ സന്ദർശിച്ചു.

- വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ഭരണ ങ്ങാനം തീർത്ഥാടന കേന്ദ്രത്തിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

– ഭരണങ്ങാനത്ത് എം.എസ്.ടി. ജനറലേറ്റ് സന്ദർശിച്ചു

28 – മുണ്ടൂർ വി. അൽഫോൻസാ ദൈവാലയത്തിൽ വി. കുർബാന യർപ്പിച്ചു. കപ്പേള വെഞ്ചരിച്ചു.

– ചന്ദ്രനഗർ ഡിവൈൻ പ്രൊവിഡൻസ് ഇടവക ദൈവാലയത്തിൽ ഡി.ഡി.പി. സന്യാസസമൂഹത്തിലെ അർത്ഥിനികളുടെ പ്രഥമ വ്രതവാഗ്ദാന ശുശ്രൂഷയിലും നിത്യവ്രതവാഗ്ദാനത്തിലും മുഖ്യ കാർമ്മികത്വം വഹിച്ചു.

29 – താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ സിസ്റ്റേഴ്സിന്റെ ധ്യാന ത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

– സെഹിയോൻ ഓൺലൈൻ രജിസ്ട്രേഷൻ ഉദ്ഘാടനം ചെയ്തു.

– കോട്ടത്തറ ആരോഗ്യമാത കോൺവെന്റ് ചാപ്പലിൽ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാ നയർപ്പിച്ചു.

– കോട്ടത്തറയിൽ പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചു.

30 – തൃശ്ശൂർ റിജിയണൽ വനിതാ സംഗമത്തിന്റെ ഉദ്ഘാടന സമ്മേ ളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

*********






# THE DIRECTORY OF THE SYRO MALABAR CHURCH 2012




## AN ATTRACTIVE OFFER !

**Hurry Up .... till 31st July !!!**

| | |
|---|---|
| Pre- Publication rate | : **Rs. 800/-** |
| More than 100 copies | : **Rs. 750/- (per copy)** |
| More than 200 copies | : **Rs. 700/- (Per copy)** |
| **Publication Rate** | : **Rs. 1500/-** |

Hard bound binding with imported rexin

Size: 25X18.5 cm, Multi-colour pages, 1700 Pages

Super finishing tissue paper (I.T.C)

**Postage( Within Kerala) : Rs. 120/-(per copy)**

Send your cheque/DD/MO or Bank transfer to :

**The Finance Officer, Major Archiepiscopal Curia**
**Mount St. Thomas, P.B. No. 3110**
**Kakkanad P.O., Kochi- 682030, Kerala.**
**Tel. 0484- 2424780, 24262335, 2424768**
**E-mail: smchurchdirectory2012@gmail.com**

**Our Bank**

The South Indian Bank, Kakkanad Branch
Account Name: The Syro Malabar Directory 2012
Account No. 0313053000002515
IFSC: SIBL0000313

The ***Directory of the Syro Malabar Church 2012*** is a venture of the Synod to foster the spirit of communion in the Church. This Directory provides primary information concerning the Eparchies, Parishes, Religious Congregations and Institutions of the Syro-Malabar Church.

I am happy that the Directory is brought out in the Mission Year of our Church. Let me joyfully dedicate this Directory to the happy memory of Mar Varkey Cardinal Vithayathil, the Second Major Archbishop of our Church. I hope that the Directory will be highly helpful for all the members of the Church and I give my cordial blessings to all those who use this Directory.

**+ George Cardinal Alencherry**
Major Archbishop of the Syro Malabar Church

## AT YOUR FINGER TIPS

- Details of all the Eparchies, Parishes, Institutions in the Syro Malabar Church.
- Addresses of all the Religious Houses, Institutions of the Religious Congregations and Institutes of Consecrated Life in the Syro Malabar Church.
- Biodata of Priests, Men and Women Religious in the Syro Malabar Church.
- Migrant Centres of the Syro Malabar Church.

## DIVISION OF THE CONTENT

